CATHOLIC DIOCESE OF MUVATTUPUZHA

"DO WHATEVER HE TELLS YOU"

# വിമലനാദം

## മൂവാറ്റുപുഴ ഭദ്രാസന ബുള്ളറ്റിൻ

2024 മെയ് – ജൂലൈ

പുസ്തകം 42, ലക്കം 3



**പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റേയും**

**ഭാരത സ്വാതന്ത്ര്യദിനത്തിന്റേയും മംഗളങ്ങൾ.....**



ആഗസ്റ്റ് 15–ന് മെത്രാഭിഷേക വാർഷികം ആഘോഷിക്കുന്ന
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ
**അത്യഭിവന്ദ്യ കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായ്ക്ക്**
മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ പ്രാർത്ഥനാശംസകൾ...



സെപ്റ്റംബർ 21–ന് മെത്രാഭിഷേക വാർഷികം ആഘോഷിക്കുന്ന
മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ അദ്ധ്യക്ഷൻ
**അഭി. യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തായ്ക്ക്**
പ്രാർത്ഥനാശംസകൾ...

# വിമലനാദം

## മൂവാറ്റുപുഴ ഭദ്രാസന ബുള്ളറ്റിൻ

പുസ്തകം 42 | ലക്കം 3 | 2024 മെയ് – ജൂലൈ






*Patron:*
**Most Rev. Dr.Yoohanon Mar Theodosius**

*Co- Patron:*
**Rt. Rev. Thomas Njarakkattu Corepiscopo**

*Editor*
**Fr. Joseph Pannivizha**


**"എന്റെ ദൂതൻ നിങ്ങളുടെ കൂടെയുണ്ട്. അവൻ നിങ്ങളുടെ ജീവൻ കാത്തു സൂക്ഷിക്കുന്നു."**
(ബാറൂക്ക് 6:7)

### ഉള്ളടക്കം


| | |
|---|---|
| ഇടയമൊഴി | 2 |
| ഇടയലേഖനങ്ങൾ, സർക്കുലറുകൾ | 5 |
| സഭാതല വാർത്തകൾ | 17 |
| ഭദ്രാസന വാർത്തകൾ | 20 |
| കൂരിയ വാർത്തകൾ | 26 |
| മതബോധന വാർത്തകൾ | 27 |
| എം.സി.വൈ.എം. വാർത്തകൾ | 30 |
| വിൻസെന്റ് ഡി പോൾ | 32 |
| എം.സി.എ. വാർത്തകൾ | 37 |
| എം.സി.എം.എഫ്. വാർത്തകൾ | 39 |
| യുവകുടുംബങ്ങളുടെ പ്രേഷിത ശുശ്രൂഷ | 42 |
| സമൃദ്ധി വാർത്തകൾ | 43 |
| ദിവ്യകാരുണ്യ വർഷ ലേഖനം | 44 |
| സ്മരണീയ ദിനങ്ങൾ | 48 |



*Printed & Published by:*
Editor, Vimalanadam
Muvattupuzha Diocesan Centre, Mudavoor P.O., Muvattupuzha - 686 669
vimalanadam@gmail.com

# ഇടയമൊഴി



തിരുസഭ ഓഗസ്റ്റ് മാസം ആറാം തീയതി സഭാവത്സരത്തിലെ തേജസ്കരണകാലത്തിലേക്ക് പ്രവേശിക്കുന്നു. നമ്മുടെ കർത്താവായ യേശുമിശിഹാ തന്റെ പ്രിയ ശിഷ്യരായ പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരെ കൂട്ടിക്കൊണ്ട് ഒരു ഉയർന്ന മലയിലേക്ക് പോയി അവിടെ വെച്ച് രൂപാന്തരപ്പെട്ടു. അവന്റെ വസ്ത്രങ്ങൾ ഭൂമിയിലെ ഏതൊരു അലക്കുകാരനും വെളുപ്പിക്കാൻ കഴിയുന്നതിനെക്കാൾ വെണ്മയും തിളക്കവുമുള്ളതായി. വിശുദ്ധ തോമസ് അക്വിനാസ് രൂപാന്തരീകരണത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു 'രൂപാന്തരീകരണം സ്വർഗ്ഗത്തിലെ മനുഷ്യന്റെ ജീവിതത്തിന്റെ മുന്നാസ്വാദനമാണ്. കാരണം അത് സ്വർഗ്ഗത്തിലെ നമ്മുടെ ജീവിതത്തിന്റെ പൂർണ്ണത നമ്മെ കാണിക്കുന്നു. 2002-ൽ വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ രൂപാന്തരീകരണം ഒരു രഹസ്യമായി ജപമാല പ്രാർത്ഥനയിൽ ഉൾപ്പെടുത്തി പ്രകാശത്തിന്റെ ദിവ്യ രഹസ്യങ്ങൾ സഭയ്ക്ക് പ്രാർത്ഥനയ്ക്കായി നൽകി. രൂപാന്തരീകരണം യേശു ദൈവപുത്രൻ ആണെന്ന് വെളിപ്പെടുത്തുകയും ദൈവത്തിന്റെ മുഖപത്രം ആണെന്ന് സാക്ഷിക്കുകയും ചെയ്യുന്നു. തേജസ്കരണം പ്രത്യാശയുടെയും പ്രതീക്ഷയുടെയും തിരുനാളാണ്. സംശയത്തിന്റെയും നിരാശയുടെയും ബുദ്ധിമുട്ടുകളുടെയും നിമിഷങ്ങളിൽ സ്വർഗ്ഗത്തിലെ നമ്മുടെ ജീവിതത്തെപ്പറ്റിയുള്ള ചിന്ത ദൈവത്തെ വീണ്ടും സമീപിക്കുവാൻ നമ്മെ പഠിപ്പിക്കണം. നമ്മുടെ ജീവിതങ്ങൾ രൂപാന്തരപ്പെടുവാനും ആത്യന്തികമായ മാറ്റങ്ങൾ സംഭവിക്കുവാനും ആത്മാർത്ഥമായി പ്രാർത്ഥിക്കാം.

കെ.സി.ബി.സി പ്രോലൈഫ് കമ്മീഷന്റെ നേതൃത്വത്തിൽ കേരളത്തിലെ 32 രൂപതകളിലേക്കും നടത്തിവരുന്ന ജീവൻ സന്ദേശയാത്രയെക്കുറിച്ച് ഇതിനോടകം ഏവരും അറിഞ്ഞു കാണുമല്ലോ. ജീവന്റെ മൂല്യം വിളിച്ചറിയിക്കുന്ന ഈ യാത്രയ്ക്ക്

എല്ലാവിധമായ ഭാവുകങ്ങളും! ജീവനെതിരെ നടക്കുന്ന അതിക്രമങ്ങൾ ഇന്ന് ഭയാനകമാംവിധം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അതിക്രൂരമായ കൊലപാതകങ്ങൾ ഇന്ന് വാർത്തയല്ലാതായിരിക്കുന്നു. മനുഷ്യ ജീവനേക്കാൾ മൃഗങ്ങൾ വിലമതിക്കുന്ന ഒരു സംസ്കാരം രൂപപ്പെട്ടുവരുന്നു. മരണ സംസ്കാരത്തിന്റെ മാറ്റൊലികൾ എങ്ങും മുഴങ്ങി കേൾക്കുന്നു. വാർദ്ധക്യത്തിൽ എത്തിയവരെ നട തള്ളുന്ന കുടുംബാംഗങ്ങൾ, ആത്മഹത്യയിലേക്ക് തള്ളിവിടുന്ന തെറ്റായ സാമൂഹ്യ പ്രവണതകൾ, കൃത്രിമ ഗർഭനിരോധന മാർഗങ്ങളും, കൃത്രിമ ഗർഭധാരണ മാർഗ്ഗങ്ങളും തുടങ്ങി മനുഷ്യജീവനെതിരെ നടക്കുന്ന അന്യായമായ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നു. നൈജീരിയയിൽ തുടരുന്ന ക്രൈസ്തവ വേട്ട ലോകത്തെ നടുക്കുന്നതാണല്ലോ. ചുരുങ്ങിയ കാലയളവിൽ നൂറുകണക്കിന് ക്രൈസ്തവരെ കൊന്നൊടുക്കിയ ദാരുണമായ സംഭവം ഗുരുതരമായ മനുഷ്യാവകാശ ലംഘനമാണ്. ജീവനെതിരെയുള്ള എല്ലാ തിന്മകളെയും ചെറുക്കുവാൻ അതുവഴി ജീവനെ സംരക്ഷിക്കുവാൻ നമുക്ക് പ്രയത്നിക്കാം.

ഓഗസ്റ്റ് 4-ാം തീയതി ഇടവക വൈദികരുടെ മധ്യസ്ഥനായ ജോൺ മരിയ വിയാനി പുണ്യവാന്റെ തിരുനാൾ ആണല്ലോ. വൈദിക ജീവിതത്തിന്റെ ഉത്തമ ഉദാഹരണമാണ് വിശുദ്ധ മരിയ വിയാനി. പാപികളെ വചനത്താലും കൂദാശകളാലും പ്രബോധനങ്ങളാലും മാനസാന്തരത്തിലൂടെ വിശുദ്ധരാക്കുവാൻ ദൈവം നിയോഗിച്ച സാധാരണക്കാരനായ ഒരു വൈദികൻ. എല്ലാ വൈദികർക്കും തിരുനാളിന്റെ മംഗളങ്ങളും പ്രാർത്ഥനകളും.

അത്യാധുനികയുഗത്തിൽ ജീവിക്കുന്ന ഇന്നത്തെ മനുഷ്യന് വിശ്വാസ ജീവിതം ഒരു വെല്ലുവിളിയാണ്. ദൈവീക രക്ഷാകര പദ്ധതി ഓരോ മനുഷ്യനെയും ചേർത്തുനിർത്തുന്നതാണ്. ഫ്രാൻസിസ് മാർപാപ്പ ഇപ്രകാരം പറയുന്നു 'ക്രിസ്തുവിന്റെ രക്ഷാവചനം എല്ലാവരെയും അറിയിക്കുകയും അതിന് അനുദിന ജീവിതത്തിലൂടെ സാക്ഷ്യമേകുകയും ചെയ്യുക എന്നതായിരിക്കണം ക്രിസ്ത്യാനിയുടെ ആദർശവും ആനന്ദവും.' വിശുദ്ധ ഗ്രന്ഥത്തിൽ ഉടനീളം മനുഷ്യനെ രക്ഷയുടെ അനുഭവത്തിലേക്ക് നയിക്കുക എന്ന ഏക ലക്ഷ്യമേ ദൈവത്തിനുള്ളതായി നാം കാണുന്നുള്ളൂ. ഈ രക്ഷാ സന്ദേശം ഉൾക്കൊണ്ട് അതിനോട് ക്രീയാത്മകമായി പ്രത്യുത്തരിക്കുവാൻ വിളിക്കപ്പെട്ടവരാണ് ക്രൈസ്തവരെല്ലാവരും. പ്രാർത്ഥനയാണ് നമ്മുടെ ജീവിതത്തിന്റെ ചാലക ശക്തി. ദുർബലമായ മനുഷ്യജീവിത

ത്തിൽ പ്രാർത്ഥന നൽകുന്ന ധൈര്യവും ശക്തിയും വലുതാണ്. ജീവിതം വളരെ ഹൃസ്വമാണ്. ദൈവം ദാനമായി തന്ന എല്ലാം നന്മകളെയും പ്രതി ദൈവസന്നിധിയിൽ നമുക്ക് നമ്രശിരസ്കരാകാം.

ദൈവമാതാവിന്റെ ശൂനോയോ പെരുന്നാളിന് ഒരുക്കമായുള്ള പതിനഞ്ച് നോമ്പിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. നമ്മുടെ കർത്താവിലേക്കുള്ള ഏറ്റവും നല്ല ചൂണ്ടുപലകയാണ് പരിശുദ്ധ മറിയം. ദൈവഹിതത്തിനു മുൻപിലുള്ള സമർപ്പണത്തിന് അവൾ ഉത്തമ മാതൃകയാണ്. എരിഞ്ഞു പോകാത്ത മുൾമരം എന്ന് പ്രതീകാത്മകമായി നിത്യകന്യകയായ പരിശുദ്ധ മറിയം വിശേഷിപ്പിക്കപ്പെടുന്നു. പരിശുദ്ധ ദൈവമാതാവിന്റെ മാധ്യസ്ഥം നമുക്ക് കോട്ടയായിരിക്കട്ടെ!

ഭാരതത്തിന്റെ 77–ാം സ്വാതന്ത്ര്യ ദിനം ആഗസ്റ്റ് മാസം പതിനഞ്ചാം തീയതി നാം ആഘോഷിക്കുന്നു. നൂറ്റാണ്ടുകൾ നീണ്ട വിദേശ ആധിപത്യത്തിൽ നിന്ന് ഭാരതം സ്വതന്ത്രമാക്കപ്പെട്ട ദിനം. ഈ പ്രത്യേക ദിവസം ഭൂതകാലത്തിന്റെ ഒരു ആഘോഷം മാത്രമല്ല, മറിച്ച് ഓരോ ഇന്ത്യക്കാരന്റെയും ഹൃദയത്തിലും മനസ്സിലും ദേശസ്നേഹം ഉണർത്തുകയും അഭിമാനവും ജനാധിപത്യബോധവും നിറയ്ക്കുകയും ചെയ്യുന്നതത്രെ.

പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും ഭാരത സ്വാതന്ത്ര്യ ദിനത്തിന്റെയും എല്ലാ മംഗളങ്ങളും പ്രാർത്ഥനകളും നേരുന്നു!

ദൈവം അനുഗ്രഹിക്കട്ടെ!

നിങ്ങളുടെ പിതാവ്,

+ Mar Theodosius

**✠ യൂഹാനോൻ മാർ തെയഡോഷ്യസ്**
മൂവാറ്റുപുഴ ഭദ്രാസന മെത്രാപ്പോലീത്ത

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻകീഴിലുള്ള മേൽപ്പട്ടക്കാർക്കും
കോർഎപ്പിസ്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്‌വ്.

Prot. No. CPL 02/2024 20.06.2024

*സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും*
*സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.*

**ധന്യൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്**
**പിതാവിന്റെ 71-ാം ഓർമ്മപ്പെരുന്നാളും**
**തീർത്ഥാടന പദയാത്രയും-2024**

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

നമ്മുടെ കർത്താവിന്റെ ശിഷ്യനായ മാർത്തോമ്മാ ശ്ലീഹായുടെ സുവിശേഷ പ്രഘോഷണത്താൽ രൂപംകൊണ്ട ഭാരതത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ അവിഭക്തമായ സഭയിൽ നിന്നും വിഭജിതമായ സഭകളാണ് മാർത്തോമ്മാ ശ്ലീഹായുടെ പാരമ്പര്യം പേറുന്ന എല്ലാ സഭകളും. 1653 വരെ ഒന്നായി വളർന്നു വന്ന ഈ വലിയ സഭ ഇന്ന് വിവിധ സഭകളായി നിലകൊള്ളുന്നു. 1653-ലെ കൂനൻകുരിശു സത്യത്തിനു ശേഷമുണ്ടായ പഴയകൂർ, പുത്തൻകൂർ വിഭാഗങ്ങൾ മലബാർ, മലങ്കര എന്നീ തലങ്ങളിലേക്ക് എത്തി. 1653-ലെ മഹാ വിഭജനത്തിനുശേഷം പുത്തൻകൂർ സമുദായം ആഗ്രഹത്തോടെ സ്വപ്നം കണ്ടിരുന്ന വീണ്ടും ഐക്യത്തിൽ എന്നത് ഒരു പരിധിവരെ യാഥാർത്ഥ്യമാക്കിയത് മലങ്കര ഓർത്തഡോക്സ് സഭയിൽ ബഥനി മെത്രാപ്പോലീത്താ ആയിരുന്ന മാർ ഈവാനിയോസ്

മെത്രാപ്പോലീത്താ യുടെ നേതൃത്വമാണ്. 1930 സെപ്റ്റംബർ 20-ന് നടന്ന ഈ ഐക്യ സംഭവത്തിന് 2030-ൽ 100 വയസ്സാകുന്നു. ശതാബ്ദിയിലേക്കുള്ള ഒരുക്കത്തിന്റെ ഭാഗമായി സഭാതലത്തിലും ഭദ്രാസനതലത്തിലും ഇടവകതലത്തിലും കുടുംബതലത്തിലും വ്യക്തിതലത്തിലും നവീകരണ ശുശ്രൂഷകളും ക്രമീകരണങ്ങളും നടപ്പിലാക്കാൻ 2024 ഫെബ്രുവരിയിൽ നടത്തപ്പെട്ട പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനിക്കുകയുണ്ടായി.

## മാർ ഈവാനിയോസ് തിരുമേനി – ധന്യൻ

മലങ്കര സുറിയാനി കത്തോലിക്കാ സഭ ഏറെ സന്തോഷത്തോടും നിറഞ്ഞ മനസ്സോടുംകൂടി ദൈവത്തിന് നന്ദി പറയുന്ന ഒരവസരമാണിത്. ദൈവത്തിന്റെ അനന്തമായ കരുണയിലും വാത്സല്യത്തിലും നമ്മുടെ സഭാപിതാവായ ദൈവദാസൻ ആർച്ചുബിഷപ് മാർ ഈവാനിയോസ് തിരുമനസിനെ സാർവ്വത്രിക സഭയിൽ ധന്യൻ എന്ന പദവിയിലേക്ക് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ തിരുമേനി 2024 മാർച്ച് 14-ാം തീയതി ഉയർത്തിയിരിക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയെ സംബന്ധിച്ചും മലങ്കര സഭയെ പൊതുവായി സംബന്ധിച്ചും കത്തോലിക്കാ തിരുസഭയിൽ ധന്യൻ പദവിയിൽ എത്തുന്ന ആദ്യത്തെ വ്യക്തിയാണ് മാർ ഈവാനിയോസ് തിരുമേനി. ദൈവം കനിഞ്ഞു നൽകിയ അനുഗ്രഹത്തിനായി അവിടുത്തോട് നന്ദി പറയുന്നു. അവിടുത്തേക്ക് മഹത്വം അർപ്പിക്കുന്നു. നമ്മെ സംബന്ധിച്ച് ഏറെ സന്തോഷത്തോടെ നാം കാത്തിരുന്ന ഒരു പ്രഖ്യാപനമാണിത്. പരിശുദ്ധ സിംഹാസനം എക്കാലത്തും മലങ്കര സുറിയാനി കത്തോലിക്കാ സഭയോട്, സഭയുടെ നിർദ്ദേശങ്ങളോട്, സഭയുടെ ആവശ്യങ്ങളോട് അനുഭാവപൂർണ്ണമായ സമീപനമാണ് എന്നും പുലർത്തിയിട്ടുള്ളത്. പുണ്യ പിതാവായ ധന്യൻ മാർ ഈവാനിയോസ് തിരുമേനിയുടെ വിശുദ്ധ പദവിയിലേക്കുള്ള നാമകരണ നടപടികൾ 1998-ൽ ആരംഭിച്ചു. എന്റെ അനുഗ്രഹീതനായ മുൻഗാമി ഭാഗ്യസ്മരണാർഹനായ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവാ അതിനു നേതൃത്വം നൽകി. ദൈവദാസനായി ഈ പുണ്യപിതാവിനെ പ്രഖ്യാപിക്കുവാനുള്ള അനുഗ്രഹവും ഭാഗ്യവും ബലഹീനനായ എനിക്കും ദൈവം നൽകി.

തിരുവനന്തപുരം മേജർ അതിരൂപതാ തലത്തിൽ നടത്തേണ്ട പ്രാഥമികമായ പഠനത്തിന്റെയും അന്വേഷണത്തിന്റെയും എല്ലാം

റിപ്പോർട്ടുകൾ ഒരു ലക്ഷത്തോളം പേജുകൾ നിറഞ്ഞുനിൽക്കുന്ന ആ വലിയ സമാഹാരം തയ്യാറാക്കി അത് റോമിൽ എത്തിക്കുകയും ചെയ്തു. റോമിലെ വിശുദ്ധരുടെ നാമകരണ നടപടികൾക്കായുള്ള തിരുസംഘത്തിന്റെ അന്നുമുതൽ ഇന്നോളം നടത്തിയ പഠനത്തിന്റെയും ആലോചനയുടെയും നിരീക്ഷണങ്ങളുടെയും പ്രാർത്ഥനയുടെയും ഫലമായി ധന്യൻ എന്ന പദവിയിൽ പ്രഖ്യാപിക്കപ്പെടുന്നതിന് ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി യോഗ്യൻ എന്ന് നാമകരണ നടപടികൾക്കായുള്ള തിരുസംഘത്തിന്റെ ഏകകണ്ഠമായ നിർദ്ദേശം പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ തിരുമേനിയെ അറിയിക്കുകയും 2024 മാർച്ച് 14 ന് പരിശുദ്ധ പിതാവ് അത് ഔദ്യോഗികമായി പ്രഖ്യാപിക്കുകയും ചെയ്തു.

നമുക്ക് ലഭിച്ച ഈ അനുഗ്രഹത്തിന് നന്ദിയായി 2024 മാർച്ച് 15 വെള്ളിയാഴ്ച വൈകുന്നേരം 4 മണിക്ക് നമ്മുടെ പട്ടം, സെന്റ് മേരീസ് മേജർ ആർക്കിഎപ്പാർക്കിയൽ കത്തീഡ്രൽ ദൈവാലയത്തിൽ അഭിവന്ദ്യ പിതാക്കന്മാരും വൈദികരും സന്യസ്തരും സഭാമക്കളുമടങ്ങുന്ന വലിയൊരു സമൂഹം ഒരുമിച്ചുകൂടി കൃതജ്ഞതാ ബലിയർപ്പിക്കുകയും പുണ്യപിതാവിന്റെ കബറിങ്കൽ ധൂപപ്രാർത്ഥന നടത്തുകയും ചെയ്തു.

തിരുമേനിയുടെ ജീവിതം അനുകരണീയമായ ക്രിസ്തീയ ജീവിതമാണെന്നും മാതൃകയാക്കാവുന്ന ജീവിതശൈലിയാണെന്നും പരിശുദ്ധ പിതാവ് തിരുസഭയിൽ പ്രഖ്യാപിച്ചിരിക്കുകയാണ്. 'ധന്യമീ ജീവിതം' എന്നത് പരിശുദ്ധ പിതാവ് ലോകസമക്ഷം നമ്മുടെ പിതാവിനെ കുറിച്ച് പറയുകയാണ്. അതിൽപരം ആനന്ദം നമുക്ക് പുനരൈക്യ ശതാബ്ദിയുടെ ഒരുക്കത്തിന്റെ ഈ നാളുകളിൽ വേറെ എന്താണ് ലഭിക്കാനുള്ളത്! ദൈവത്തോട് നന്ദി പറയുന്നു. അവിടുത്തെ സ്തുതിക്കുന്നു. ചെറിയ അജഗണത്തിന് എപ്പോഴും വലിയ അനുഗ്രഹം നൽകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗത്തിന്റെ പദ്ധതിയിൽ ഉറച്ച് വിശ്വസിക്കുന്നതിനുള്ള ഒരു അടയാളം കൂടി നമുക്ക് ലഭിച്ചിരിക്കുകയാണ്. ചോദിപ്പിൻ നിങ്ങൾക്ക് ലഭിക്കും, മുട്ടുവിൻ നിങ്ങൾക്ക് തുറന്നുകിട്ടും. വിശ്വാസയോഗ്യമായ ഈ വചനം വിശ്വസനീയമാണെന്ന് തിരിച്ചറിയുവാൻ സ്വർഗം നമ്മോട് വീണ്ടും പറയുന്നു.

മാർ ഈവാനിയോസ് പിതാവിന്റെ ധന്യൻ എന്ന പദവിയിലേക്കുള്ള ഈ പ്രയാണത്തിൽ നമ്മെ സഹായിച്ച എല്ലാവരെയും -

പരിശുദ്ധ പിതാക്കന്മാരെയും നമ്മുടെ സഭയുടെ മേലധ്യക്ഷന്മാരെയും വിശുദ്ധ നാമകരണ നടപടികൾ തുടങ്ങിവച്ച ഭാഗ്യസ്മരണാർഹനായ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവാതിരുമേനിയെയും കൃതജ്ഞതയോടെ ഓർക്കുന്നു. നമ്മുടെ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ കൽപ്പന പ്രകാരം തിരുസിംഹാസനത്തിലേക്ക് നാമകരണ നടപടികളുടെ ഔദ്യോഗിക അപേക്ഷകരായി തിരുവനന്തപുരം മേജർ അതിരൂപത, ബഥനി ആശ്രമം, ബഥനി സന്യാസിനീ സമൂഹം, മേരീമക്കൾ സന്യാസിനീ സമൂഹം എന്നിവർ അപേക്ഷ സമർപ്പിച്ചു. ബഥനി ആശ്രമത്തിന്റെയും ബഥനി മഠത്തിന്റെയും സ്ഥാപകനാണ് മാർ ഈവാനിയോസ് തിരുമേനി. ഈ രണ്ട് സമൂഹങ്ങളും നമ്മുടെ സഭയിൽ നിർവഹിക്കുന്ന വലിയ ശുശ്രൂഷകളെ കൃതജ്ഞതയോടെ ഞാൻ ഓർക്കുന്നു. മാർ ഈവാനിയോസ് പിതാവിന്റെ അനുഗ്രഹത്തോടെയും ആഗ്രഹത്തോടെയുമാണ് മേരിമക്കൾ സന്യാസിനീ സമൂഹം മലങ്കരസഭയിൽ സ്ഥാപിതമായത്. മേരിമക്കൾ സന്യാസിനിമാരുടെ സുവിശേഷ വളർച്ചയ്ക്കുള്ള സമർപ്പണത്തെ ഇത്തരുണത്തിൽ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. ഈ സഭയിലെ എന്റെ സഹമെത്രാപ്പോലീത്തമാർ, കാലം ചെയ്ത നമ്മുടെ വന്ദ്യ പിതാക്കന്മാർ, ബഹുമാനപ്പെട്ട വൈദികർ, ആശ്രമാംഗങ്ങൾ, സന്യാസിനികൾ, ഈ സഭയ്ക്ക് ഇനിയും നേതൃത്വം നൽകുവാനുള്ള നമ്മുടെ വൈദിക വിദ്യാർത്ഥികൾ, നമ്മുടെ സഭയുടെ പ്രിയപ്പെട്ട കുടുംബാംഗങ്ങൾ, സ്വദേശത്തും വിദേശത്തും മിഷൻ രാജ്യങ്ങളിലുമായി കഴിയുന്ന നമ്മുടെ ആയിരക്കണക്കിന് കുടുംബങ്ങൾ, നമ്മുടെ സഭയെ എന്നും സ്നേഹിച്ച, കരുതിയിട്ടുള്ള നമ്മുടെ സഹോദരീ സഭകൾ, കത്തോലിക്കാ തിരുസഭയിലെ സീറോ മലബാർ സഭ, ലത്തീൻ സഭ, പൊതുസമൂഹം തുടങ്ങി എല്ലാവരോടും ഇത്തരുണത്തിൽ ഞാൻ ഹൃദയപൂർവ്വമായ സ്നേഹവും ആദരവും നന്ദിയും അറിയിക്കുന്നു. നമ്മുടെ സഭയെ ഇപ്രകാരം എല്ലാവരുടെയും ഒരു സഭയായി നിലനിർത്തുന്നതിൽ മേൽപ്പറഞ്ഞ എല്ലാ ഘടകങ്ങളിലെയും സ്നേഹവും കരുതലും നാം അനുഭവിച്ചിട്ടുണ്ടല്ലോ.

ധന്യൻ മാർ ഈവാനിയോസ് പിതാവിനെ വിശുദ്ധരുടെ ഗണത്തിൽപെടുത്തി അനുഗ്രഹിക്കണമെ എന്ന പ്രാർത്ഥന നമ്മുടെ സഭയിലെ എല്ലാ അംഗങ്ങളും ഹൃദയംഗമമായും ഉത്സാഹത്തോടെയും പ്രാർത്ഥിക്കേണ്ട സമയമാണിത്. വന്ദ്യപിതാവിന്റെ മദ്ധ്യസ്ഥതയിൽ

അത്ഭുതങ്ങൾ നടക്കണം. അത് ശാസ്ത്രീയമായി സ്ഥിരീകരിക്കേണ്ടതുണ്ട്. നമ്മുടെ ഇടവക/മിഷൻ ദൈവാലയങ്ങളിലും ആശ്രമങ്ങളിലും മഠങ്ങളിലും പരിശീലന ഭവനങ്ങളിലും വിശുദ്ധ കുർബ്ബാനയ്ക്കു ശേഷം ഭക്തിയോടെ ഈ പ്രാർത്ഥന നടത്തേണ്ടതാണ്. നമ്മുടെ വീടുകളിൽ സന്ധ്യാപ്രാർത്ഥനക്കുശേഷം പ്രസ്തുത പ്രാർത്ഥന കുടുംബാംഗങ്ങൾ ഏവരും ചേർന്ന് ചൊല്ലേണ്ടതാണ്.

## ഓർമ്മപ്പെരുന്നാൾ–2024

ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 71–ാം ഓർമ്മപ്പെരുന്നാൾ 2024 ജൂലൈ 1 മുതൽ 14 വരെ ദിവസങ്ങളിൽ വന്ദ്യപിതാവ് കബറടങ്ങിയിരിക്കുന്ന പട്ടം, സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ നടത്തപ്പെടുന്നതാണ്. കബർ ചാപ്പലിൽ 1 മുതൽ 14 വരെ എല്ലാ ദിവസവും വി. കുർബ്ബാനയും പ്രത്യേക പ്രാർത്ഥനകളും പ്രഭാഷണങ്ങളും ഉണ്ടായിരിക്കുന്നതാണ്. ജൂലൈ 10–ന് റാന്നി - പെരുന്നാട്ടിൽ നിന്നാരംഭിക്കുന്ന തീർത്ഥാടന പദയാത്ര 14–ന് വൈകുന്നേരം 5.00 മണിക്ക് കബറിൽ എത്തിച്ചേരുന്നതാണ്. 14–ന് വൈകുന്നേരം 6.30–ന് സന്ധ്യാപ്രാർത്ഥനയും തുടർന്ന് ആഘോഷമായ മെഴുകുതിരി പ്രദക്ഷിണവും ഉണ്ടായിരിക്കുന്നതാണ്. ഓർമ്മപ്പെരുന്നാൾ ദിനമായ 15–ന് ആഘോഷമായ വിശുദ്ധ പൊന്തിഫിക്കൽ കുർബ്ബാനയ്ക്ക് നമ്മുടെ സഭയിലെ അഭിവന്ദ്യ പിതാക്കന്മാരും ബഹു. വൈദികരും സഹകാർമ്മികത്വം വഹിക്കുന്നതാണ്.

ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് 15 ദിവസത്തെ ശുശ്രൂഷകളുടെ ക്രമീകരണങ്ങളുമായി ബന്ധപ്പെട്ട ചെലവുകൾ നേർച്ചയായി സമർപ്പിക്കുന്നതിനുള്ള സൗകര്യമുണ്ട്. പന്തൽ, പെരുന്നാൾ ദിവസത്തെ നേർച്ച, ശബ്ദസംവിധാനം, മെഴുകുതിരി പ്രദക്ഷിണത്തിന്റെയും ഓർമ്മപ്പെരുന്നാൾ ദിവസത്തെ വി. കുർബ്ബാനയുടെയും തൽസമയ സംപ്രേക്ഷണം മുതലായവ പൂർണ്ണമായോ, ഭാഗികമായോ നേർച്ചയായി നൽകുന്നതിന് തിരുവനന്തപുരം പട്ടത്തുള്ള നാമകരണ നടപടി കാര്യാലയത്തിലെ 9447429520 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാ വുന്നതാണ്. ഈ ആവശ്യങ്ങൾക്കായി സമർപ്പിക്കുന്ന തുക നാലാഞ്ചിറ സൗത്ത് ഇൻഡ്യൻ ബാങ്കിൽ ആരംഭിച്ചിരിക്കുന്ന അക്കൗണ്ടിലേക്ക് അയക്കാവുന്നതാണ്. (Account Name - Mar Ivanios Day Celebrations

Major Archdiocese of Trivandrum. Account No. 0483053000020740. IFSC Code: SIBL0000483. The South Indian Bank, Nalanchira, Trivandrum.). ഏവരുടെയും ശ്രദ്ധയും സമർപ്പണവും ഈ വിഷയത്തിൽ പ്രത്യേകം ഉണ്ടാകണമെന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു.

## മാർ റാഫേൽ തട്ടിൽ പിതാവിന് സ്വീകരണം

ഈ വർഷത്തെ ഓർമ്മപ്പെരുന്നാളിൽ നമ്മുടെ മുഖ്യാതിഥി സീറോ-മലബാർ സഭയുടെ പരമാദ്ധ്യക്ഷൻ അത്യഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവാണ്. സീറോ-മലബാർ സഭയുടെ അദ്ധ്യക്ഷനായതിനു ശേഷം അത്യഭിവന്ദ്യ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് ഔദ്യോഗികമായി നമ്മുടെ ഇടയിൽ ആദ്യമായി എത്തുമ്പോൾ, മലങ്കര സുറിയാനി കത്തോലിക്കാ സഭ അദ്ദേഹത്തിന് സ്വീകരണം നൽകി ആദരിക്കുന്നതാണ്.

നിങ്ങളെല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ. ധന്യൻ മാർ ഈവാനിയോസ് തിരുമേനിയുടെ ജീവിതം എല്ലാ മനുഷ്യർക്കും പ്രത്യേകിച്ച്, തിരുസഭയിൽ മുഴുവനും പൊതുസമൂഹത്തിനും പ്രചോദനമായി ഭവിക്കട്ടെ! ദൈവപരിപാലനയിൽ ഉറച്ച് ശരണപ്പെട്ട് നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം: ധന്യനായ മാർ ഈവാനിയോസ് പിതാവേ അങ്ങ് ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!

ദൈവത്തിന്റെ കരുണയും അനുഗ്രഹങ്ങളും നിങ്ങളുടെമേൽ എന്നും ധാരാളമായി ഉണ്ടായിരിക്കട്ടെ!

ആയത് ദൈവമാതാവായ പരി. കന്യകാമറിയത്തിന്റെയും, അപ്പസ്തോലസമൂഹത്തിന്റെയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും, സകല വിശുദ്ധരുടേയും പ്രാർത്ഥന കളാൽ തന്നെ, ആമ്മീൻ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി,

+Baselios cleemis

✠ **ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

20.06.2024
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

# തീർത്ഥാടന പദയാത്രാ ക്രമീകരണങ്ങൾ

## 2024 ജൂലൈ 10, ബുധൻ – ഒന്നാം ദിവസം

06.30 am : റാന്നി- പെരുന്നാട് കുരിശുമല
പ്രഭാത നമസ്ക്കാരം
**വി. കുർബാന**

മുഖ്യകാർമ്മികൻ : **മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ**

## ജൂലൈ 14, ഞായർ– അഞ്ചാം ദിവസം

05.15 pm : കബർ ചാപ്പലിലേക്ക് പദയാത്രികരെ സ്വീകരിക്കുന്നു.
06.30 pm : സന്ധ്യാപ്രാർത്ഥന - കത്തീഡ്രൽ ദൈവാലയം
: മെഴുകുതിരി പ്രദക്ഷിണം
കബറിങ്കൽ ധൂപപ്രാർത്ഥന
അപ്പസ്തോലിക ആശീർവാദം

## ജൂലൈ 15, തിങ്കൾ – 71–ാം ഓർമ്മപ്പെരുന്നാൾ

08.00 am : സ്വീകരണം
പ്രഭാത നമസ്കാരം
**ആഘോഷമായ വിശുദ്ധ സമൂഹബലി**

മുഖ്യകാർമ്മികൻ : **മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ**

വചന സന്ദേശം : **അത്യഭിവന്ദ്യ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ**
(സീറോ- മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്)
**കബറിങ്കൽ ധൂപപ്രാർത്ഥന**
സ്നേഹവിരുന്ന്.

★ ★ ★ ★ ★

N.B.: ഈ ഇടയലേഖനം വരുന്ന ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

# THE SYRO-MALANKARA CATHOLIC CHURCH

# EPARCHY OF MUVATTUPUZHA

**✠Yoohanon Mar Theodosius**
**Metropolitan of Muvattupuzha**

**Catholic Bishop’s House**
**Vazhappilly, Mudavoor P.O,**
**Muvattupuzha - 686 669**

Prot. No. CL 01/2024

## സർക്കുലർ

### ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിടത്തിലേക്കുള്ള തീർത്ഥാടന പദയാത്ര

വന്ദ്യ കോറെപ്പിസ്കോപ്പാമാരെ, ബഹുമാനപ്പെട്ട വൈദികരെ, സന്യസ്തരേ, പ്രിയ വിശ്വാസികളെ,

ധന്യൻ ആർച്ചുബിഷപ്പ് മാർ ഇവാനിയോസ് തിരുമേനിയുടെ 71–ാം ഓർമ്മപെരുന്നാൾ ഈ വരുന്ന ജൂലൈ 1 മുതൽ 15 വരെ നോമ്പനുഷ്ഠാനത്തോടെ നാം ആചരിക്കുകയാണല്ലോ. പ്രാർത്ഥനയുടെയും തീർത്ഥാടന ത്തിന്റെയും ഈ ദിനങ്ങൾ വന്ദ്യ പിതാവിന്റെ കബറിങ്കൽ നടത്തപ്പെടുന്ന കർമ്മാനുഷ്ഠാനങ്ങളെ സംബന്ധിച്ചും, പെരുന്നാട്ടിലെ മുണ്ടൻ മലയിൽ നിന്ന് ആരംഭിക്കുന്ന പദയാത്രയെക്കുറിച്ചും ഇതിനോടകം വേണ്ട അറിയിപ്പുകൾ ലഭിച്ചിട്ടുണ്ടാകുമല്ലോ. ഈ കാര്യങ്ങളിലെല്ലാം ഏവരുടെയും സാന്നിധ്യവും സഹകരണവും ഹൃദയപൂർവ്വം അഭ്യർത്ഥിക്കുന്നു.

വന്ദ്യ പിതാവിന്റെ കബറിങ്കൽ പ്രത്യേക വിശുദ്ധ കുർബാനയും ധൂപ പ്രാർത്ഥനയും നടത്തുന്നതിന് ഈ വർഷം മൂവാറ്റുപുഴ ഭദ്രാസനത്തിന് നൽകിയിരിക്കുന്ന സമയം ജൂലൈ 6–ാം തീയതി വൈകിട്ട് 5:00 pm ആണ്. സാധിക്കുന്നിടത്തോളം വൈദികരും, സന്യസ്തരും, അല്മായ സഹോദരങ്ങളും, പരിശുദ്ധമായ ഈ കർമ്മങ്ങളിൽ പങ്കുചേരണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

മുൻവർഷങ്ങളിലെപ്പോലെ മൂവാറ്റുപുഴ ഭദ്രാസന ദൈവാലയത്തിൽ നിന്നും തിരുവനന്തപുരം പട്ടത്ത് സ്ഥിതിചെയ്യുന്ന ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ പുണ്യ കബറിങ്കലേക്ക് ഈ വർഷവും തീർത്ഥാടന പദയാത്ര ഉണ്ടായിരിക്കുന്നതാണ്. 2024 ജൂലൈ മാസം 6–ാം തീയതി ശനിയാഴ്ച രാവിലെ 6.30–ന് സെന്റ് ജോസഫ്സ് കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാന അർപ്പിക്കുന്നതും തുടർന്ന് പദയാത്ര ആരംഭിക്കുന്നതുമാണ്. നമ്മുടെ ഭദ്രാസനത്തിലെ എല്ലാ വൈദിക ജില്ലകളിൽ നിന്നും വൈദികരും സന്യസ്തരും വൈദിക വിദ്യാർഥികളും അല്മായരും ഇതിൽ നോമ്പ് അനുഷ്ഠാനത്തോടെ പങ്കുചേർന്ന് അനുഗ്രഹം പ്രാപിക്കുവാൻ പ്രത്യേകം അറിയിക്കുന്നു. എന്നാൽ, നമ്മുടെ ഭദ്രാസനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പദയാത്രയുടെ നേതൃത്വവും ഉത്തരവാദിത്വവും മൂവാറ്റുപുഴ, പിറവം വൈദിക ജില്ലകളെ ഭരമേലപിക്കുന്നു. ഈ രണ്ടു ജില്ലകളിലെ എല്ലാ ഇടവകകളും പ്രേഷിത സംഘടനകളും അവരവർക്ക് നൽകപ്പെടുന്ന നിർദ്ദേശം അനുസരിച്ച് ഒരു നിശ്ചിതദൂരമെങ്കിലും തീർത്ഥാടന പദയാത്രയിൽ പങ്കാളികളാകണമെന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു. നമ്മുടെ ഭദ്രാസനത്തെയും കുടുംബങ്ങളെയും വ്യക്തിജീവിതങ്ങളെയും വിശ്വാസത്തിൽ സ്ഥിരീകരിക്കുവാനും, സാക്ഷ്യപ്പെടുത്തുവാനും നിരവധിയായ അനുഗ്രഹങ്ങൾ പ്രാപിക്കുവാനും ഇത് ഇടയാക്കും.

ഈ തീർത്ഥാടന പദയാത്രയുടെ ജനറൽ കൺവീനർ ആദരണീയനായ വികാർ ജനറൽ റൈറ്റ്. റവ. തോമസ് ഞാറക്കാട്ട് കോർഎപ്പിസ്കോപ്പ ആയിരിക്കും. റവ. ഫാ. ജോസ് കുറ്റിക്കേരിൽ, പെരിയ. ബഹു. ഡോ. വർഗീസ് മഠത്തിക്കുന്നത്ത്, പെരിയ. ബഹു. ഫാ. പൗലോസ് കിഴക്കിനേടത്ത്, മദർ ജോസ്ന എസ്.ഐ.സി, ശ്രീ. ഷിബു പനച്ചിക്കൽ എന്നിവർ സംഘാടക സമിതിയുടെ കൺവിനേർസ് ആയിരിക്കും. ഇടവക ട്രസ്റ്റി, സെക്രട്ടറി വിവിധ പ്രേഷിത സംഘടനകളുടെ ഭാരവാഹികൾ തുടങ്ങിയവർ തീർത്ഥാടന പദയാത്രയ്ക്ക് നേതൃത്വം നൽകും.

മേല്പറഞ്ഞ വൈദിക ജില്ലകളിൽ നിന്നും തീർത്ഥാടന പദയാത്രയിൽ പങ്കു ചേരേണ്ട ഇടവകളുടെ പ്രത്യേക ദിവസവും സ്ഥലവും ദൂരപരിധിയും ജനറൽ കൺവീനർ നിശ്ചയിച്ച് നൽകുന്നതാണ്. മൂവാറ്റുപുഴയിൽ നിന്ന് ആരംഭിക്കുന്ന തീർത്ഥാടന പദയാത്ര തിരുവല്ല അതിഭദ്രാസന പദയാത്രയുമായി ഒന്ന്

ചേരുന്നതോടുകൂടി ആദ്യഘട്ടം അവസാനിക്കുന്നു. പദയാത്രയിൽ ആദ്യ അവസാനം പങ്കുചേരുന്നതിന് താല്പര്യമുള്ളവർക്ക് അപ്രകാരം തുടരാവുന്നതാണ്.

ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

+ Mar Theodosius

മൂവാറ്റുപുഴ അരമന **✠യൂഹാനോൻ മാർ തെയഡോഷ്യസ്**

**26.06.2024** മൂവാറ്റുപുഴ ഭദ്രാസന മെത്രാപ്പോലീത്ത.

# തീർത്ഥാടന പദയാത്ര ക്രമീകരണങ്ങൾ

## 2024 ജൂലൈ 6 ശനി – ഒന്നാം ദിവസം

6.30 am : **വിശുദ്ധ കുർബാന**, ധൂപ പ്രാർത്ഥന (സെന്റ് ജോസഫ്സ് കത്തീഡ്രൽ, മൂവാറ്റുപുഴ)

പദയാത്ര

ഉദ്ഘാടനം : **അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത** (മൂവാറ്റുപുഴ ഭദ്രാസന അധ്യക്ഷൻ)

(പങ്കെടുക്കേണ്ട പള്ളികൾ: കത്തീഡ്രൽ, കുന്നക്കുരടി, വാളകം, വെങ്ങോല, മഴുവന്നൂർ, പെരുമ്പാവൂർ, കീഴില്ലം, കോതമംഗലം, ചാത്തമറ്റം, പോത്താനിക്കാട്.)

**സമാപനം** : കൂത്താട്ടുകുളം, സെന്റ് ജൂഡ് കാത്തലിക് ചർച്ച്.

## 2024 ജൂലൈ 7, ഞായർ – രണ്ടാം ദിവസം

6.30 am : **വിശുദ്ധ കുർബാന**, ധൂപ പ്രാർത്ഥന, പദയാത്ര തുടരുന്നു...

(പങ്കെടുക്കേണ്ട പള്ളികൾ: കോട്ടപ്പുറം, പാമ്പാക്കുട, പൂതൃക്ക, പുതുപ്പനം, തമ്മാനിമറ്റം, അഞ്ചൽപ്പെട്ടി.)

**സമാപനം** : ഏറ്റുമാനൂർ, സെന്റ് ജോസഫ്സ് ക്നാനായ കാത്തലിക് ചർച്ച്.

## 2024 ജൂലൈ 8, തിങ്കൾ – മൂന്നാം ദിവസം

6.30 am : **വിശുദ്ധ കുർബാന**, ധൂപ പ്രാർത്ഥന, പദയാത്ര തുടരുന്നു...

(പങ്കെടുക്കേണ്ട പള്ളികൾ: ഓണക്കൂർ, പിറവം, മാമലശ്ശേരി, പെരുവ, പെരുമ്പടവം, കളമ്പൂർ, വെളിയനാട്.)

**സമാപനം** : വാകത്താനം, സെന്റ് തോമസ് മലങ്കര കാത്തലിക് ചർച്ച്.

## 2024 ജൂലൈ 9, ചൊവ്വ – നാലാം ദിവസം

6.30 am : **വിശുദ്ധ കുർബാന**, ധൂപ പ്രാർത്ഥന, പദയാത്ര തുടരുന്നു...

(പങ്കെടുക്കേണ്ട പള്ളികൾ: എറണാകുളം, കളമശ്ശേരി, വെട്ടിക്കൽ, നീറാമുകൾ, ആലുവ, കാക്കനാട്, ഏഴക്കരനാട്, മോനിപ്പള്ളി.)

**സമാപനം** : സെന്റ് ജോൺസ് കത്തീഡ്രൽ, തിരുവല്ല.

❖ ❖ ❖

പ്രത്യേക അന്വേഷണങ്ങൾക്ക് :
റവ. ഫാ. ജോസ് കുറ്റിക്കേരിൽ (9946179847)
ശ്രീ. ഷിബു പനച്ചിക്കൽ (9946035611)

N.B.: ഈ സർക്കുലർ വരുന്ന ഞായറാഴ്ച, നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

# സഭാതല വാർത്തകൾ

## ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് 'ധന്യൻ' പദവിയിലേക്ക് ഉയർത്തപ്പെട്ടു.

മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ സ്ഥാപകനും, ബഥനി ആശ്രമത്തിന്റെയും ബഥനി മഠത്തിന്റെയും സ്ഥാപകനുമായ ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ 2024 മാർച്ച് 14-ന് ഫ്രാൻസിസ് മാർപാപ്പ ധന്യൻ പദവിയിലേക്ക് ഉയർത്തി. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ നേതൃത്വത്തിലുള്ള കൃതജ്ഞത ബലിയും അനുസ്മരണ ശുശ്രൂഷകളും 2024 മാർച്ച് 15 വെള്ളിയാഴ്ച വൈകിട്ട് നാലിന് പുണ്യ പിതാവിന്റെ കബറിടം സ്ഥിതി ചെയ്യുന്ന പട്ടം, സെന്റ് മേരീസ് മേജർ ആർക്കി എപ്പാർക്കിയൽ കത്തീഡ്രൽ പള്ളിയിൽ വച്ച് നടത്തപ്പെട്ടു. മാർ ഈവാനിയോസ് തിരുമേനിയുടെ പേരിലുള്ള ഗ്രന്ഥങ്ങളുടെയും കത്തുകളുടെയും പരിപൂർണ്ണമായ പരിശോധന പൂർത്തിയാക്കി ഒരു ലക്ഷം പേജോളം വരുന്ന റിപ്പോർട്ട് റോമിലേക്ക് സമർപ്പിച്ചു. വിശുദ്ധരുടെ നാമകരണ നടപടികൾക്കുള്ള കാര്യാലയം പ്രസ്തുത റിപ്പോർട്ടിന്മേലുള്ള പരിശോധനകൾ പൂർത്തിയാക്കിയാണ് ധന്യൻ പദവിയിലേക്ക് ഉയർത്തുന്നതിനുള്ള ശുപാർശകൾ മാർപാപ്പയ്ക്ക് നൽകിയത്.ഇതിനെ തുടർന്നാണ് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ ഇപ്പോഴത്തെ പ്രഖ്യാപനം നടത്തിയത്.

## മിശിഹാനുകരണ സന്യാസിനീ സമൂഹം-ശതാബ്ദി ആഘോഷം റോമിൽ

ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായാൽ 1925 സെപ്തംബർ 21-ന് സ്ഥാപിതമായ ബഥനി സന്യാസിനീ സമൂഹത്തിന്റെ ശതാബ്ദിയുടെ ആഘോഷ പരിപാടികൾ റോമിൽ വെച്ച് 2024 ഏപ്രിൽ 10, 11 തീയതികളിൽ നടത്തപ്പെട്ടു. അത്യഭിവന്ദ്യ കാതോലിക്കാ ബാവയോടൊപ്പം സുപ്പീരിയർ ജനറൽ മദർ ആർദ്രക്കും പ്രതിനിധികൾക്കും സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ മാർപാപ്പയെ കാണുന്നതിന് അവസരം ലഭിച്ചു. 2024 ഏപ്രിൽ 11-ന് കൃതജ്ഞതാ ബലിയർപ്പണവും നടത്തപ്പെട്ടു.

## പരിശീലന പദ്ധതി ഉത്ഘാടനം ചെയ്തു

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരിശുദ്ധ

എപ്പിസ്കോപ്പൽ സിനഡിന്റെ തീരുമാനപ്രകാരം എല്ലാ ഭദ്രാസനങ്ങളിലേയും മൈനർ സെമിനാരിയിലെ നാലാം വർഷ വിദ്യാർത്ഥികൾക്കായി പുതിയ പൊതു പരിശീലന പദ്ധതി സമാരംഭിച്ചു. പാറശ്ശാല ഭദ്രാസനത്തിലെ കാട്ടക്കട ബേത്‌ലഹേം ഹോമിൽ ഫാ. റോയി വയലിറക്കത്തിന്റെ ചുമതലയിലാണ് ഒരു വർഷം നീളുന്ന ഈ പരിശീലന പരിപാടി നടത്തപ്പെടുന്നത്. സഭയിലെ ഭദ്രാസനങ്ങളിൽ നിന്നായി 22 വൈദിക വിദ്യാർത്ഥികൾ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നു.

## 'ഹൂദോത്തോ' ഏഴാം ബാച്ച് നടത്തപ്പെട്ടു

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ വൈദികർക്കായി നടത്തപെടുന്ന Ongoing Priestly ഫോർമേഷൻ ഹുദോത്തോയുടെ ഏഴാം ബാച്ച് ജൂൺ 10 മുതൽ 14 വരെ സഭയുടെ ആസ്ഥാന കാര്യാലയമായ തിരുവനന്തപുരം പട്ടം കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. തിരുവനന്തപുരം മേജർ അതിഭദ്രാസന സഹായ മെത്രാൻ അഭിവന്ദ്യ മാത്യൂസ് മാർ പോളിക്കാർപ്പോസ് എപ്പിസ്കോപ്പ ഉത്ഘാടനം ചെയ്യുകയും ഫോർമേഷൻ കമ്മിറ്റി കോർഡിനേറ്റർ അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് എപ്പിസ്കോപ്പ സന്ദേശം നൽകുകയും ചെയ്തു. ജൂൺ 11-ന് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ളീമിസ് കാതോലിക്കാ ബാവ കബർ ചാപ്പലിൽ വിശുദ്ധ കുർബാന അർപ്പിച്ച് വൈദികരെ അഭിസംബോധന ചെയ്ത് സംസാരിച്ചു. ഫാ. തോമസ് മടുക്കുംമൂട്ടിൽ, ഫാ. തോമസ് മുകുളുംപ്പുറത്ത് എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## നിർമൽ ഹൃദയ് മൈനർ സെമിനാരി കൂദാശ

പൂനെ ഖഡ്കി സെന്റ് എഫ്രേം ഭദ്രസനത്തിലെ പുതുതായി പണികഴിപ്പിച്ച നിർമൽ ഹൃദയ് മൈനർ സെമിനാരിയുടെയും, ചാപ്പലിന്റെയും കൂദാശ ജൂൺ 11-ന് ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ മാത്യൂസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തയുടെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു. ഭദ്രസന വികാരി ജനറാൾ ഫാ. ഷാജി മാത്യൂസ് വാഴയിൽ, മറ്റ് വൈദികർ, സന്യസ്തർ, അല്മായർ എന്നിവർ ശുശ്രൂഷയിൽ സംബന്ധിച്ചു. ഖോപൊളിക്കടുത്തുള്ള ഖർസുണ്ടിയിലാണ് നിർമൽ ഹൃദയ് മൈനർ സെമിനാരി സ്ഥിതി ചെയ്യുന്നത്.

## മേജർ സെമിനാരി ചാപ്പൽ കൂദാശ

മലങ്കര സുറിയാനി കാത്തോലിക്ക സഭയുടെ മേജർ സെമിനാരിയായ തിരുവനന്തപുരം നാലാഞ്ചിറ സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയുടെ നവീകരിച്ച ചാപ്പലിന്റെ കൂദാശ മെയ് 30-ന് മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ളീമിസ് കാതോലിക്കാ ബാവയുടെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു. മേജർ സെമിനാരി റെക്ടർ ഫാ. ഡോ. ജിജി ചരിവുപുരയിടത്തിൽ, വൈസ് റെക്ടർ ഫാ. ഡോ. ജോളി കരിമ്പിൽ, പ്രൊക്യൂറേറ്റർ ഫാ. രാജു പരുക്കൂർ മറ്റ് വൈദികർ, സന്യസ്തർ എന്നിവർ സന്നിഹിതരായിരുന്നു.

## കൈവയ്പ്പ് ശുശ്രൂഷ നടത്തപ്പെട്ടു

പൂനെ ഖഡ്കി സെന്റ് എഫ്രേം ഭദ്രാസനത്തിലെ പൂനെ, മുംബൈ വൈദിക ജില്ലകളിലെ സുവിശേഷ സംഘാംഗങ്ങളുടെ കൈവയ്പ്പ് ശുശ്രൂഷ മെയ് 18, 19 തീയതികളിൽ നടത്തപ്പെട്ടു. പൂനെ വൈദിക ജില്ലാ സുവിശേഷ സംഘാംഗങ്ങളുടെ കൈവയ്പ്പ് ശുശ്രൂഷ മെയ് 18-ന് ഖഡ്കി പൂനെ സെന്റ് മേരീസ് കത്തീഡ്രലിൽ വച്ചും, മുംബൈ വൈദിക ജില്ലാ സുവിശേഷ സംഘഗങ്ങളുടെ കൈവയ്പ്പ് ശുശ്രൂഷ മെയ് 19-ന് സാകിനാക്ക സെന്റ് മേരീസ് ദൈവാലയത്തിൽ വച്ചും ഭദ്രസനാധ്യക്ഷൻ അഭിവന്ദ്യ മാത്യൂസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തയുടെ മുഖ്യ കാർമ്മികത്വത്തിലും, സുവിശേഷ സംഘ ചെയർമാൻ അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് എപ്പിസ്കോപ്പയുടെ സഹകാർമ്മികത്വത്തിലും നടത്തപ്പെട്ടു. സുവിശേഷ സംഘ എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. ബെനഡിക്ട് മൂഴിക്കര ഓ. ഐ. സി യും, ജോയിന്റ് എക്സിക്യൂട്ടീവ് സെക്രട്ടറി സിസ്റ്റർ ഡോ. മേരി പ്രസാദ് ഡി. എം. എന്നിവർ സന്നിഹിതരായിരുന്നു.

## ധന്യൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ 71-ാം ഓർമ്മപ്പെരുന്നാൾ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പുണ്യപിതാവായ ധന്യൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ 71-ാം ഓർമ്മപ്പെരുന്നാൾ 2024 ജൂലൈ 15-ന് തിരുവനന്തപുരം പട്ടം സെന്റ് മേരീസ് മേജർ ആർക്കിഎപ്പാർകിയൽ കത്തീഡ്രലിൽ വച്ച് ആഘോഷിച്ചു. ജൂലൈ 1 മുതൽ 14 വരെ വിശുദ്ധ കുർബാനയും, കബറിങ്കൽ ധൂപപ്രാർത്ഥനയും നടത്തപ്പെട്ടു. ജൂലൈ 14 ന് തീർത്ഥാടന പദയാത്ര സ്വീകരണവും, സന്ധ്യാനമസ്കാരവും,

മെഴുകുതിരി പ്രദിക്ഷിണവും, കബറിങ്കൽ ധൂപപ്രാർത്ഥനയും നടത്തപ്പെട്ടു. തുടർന്ന് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ളീമിസ് കാതോലിക്ക ബാവയും, സീറോ മലബാർ സഭയുടെ തലവനും പിതാവുമായ മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവും, മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ മറ്റ് പിതാക്കന്മാരും ചേർന്ന് സഭ മക്കൾക്ക് ശ്ലൈഹീക ആശീർവാദം നൽകി. ഓർമ്മപ്പെരുന്നാൾ ദിനമായ ജൂലൈ 15-ന് മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ളീമിസ് കാതോലിക്ക ബാവയുടെ മുഖ്യകാർമ്മികത്വത്തിലും സഭയിലെ മറ്റ് പിതാക്കന്മാരുടെയും, വൈദികരുടെയും സഹകാർമ്മികത്വത്തിലും വിശുദ്ധ കുർബാന അർപ്പിക്കുകയും മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് വചനസന്ദേശം നൽകുകയും ചെയ്തു. തുടർന്ന് കബറിങ്കൽ ധൂപപ്രാത്ഥനയും, ശ്രാദ്ധ സദ്യയോടുംകൂടെ ഈ വർഷത്തെ ഓർമ്മപ്പെരുന്നാൾ സമാപിച്ചു.

## മാർ റാഫേൽ തട്ടിൽ പിതാവിന് മലങ്കര സഭയുടെ സ്വീകരണം

ധന്യൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ 71-ാം ഓർമ്മപെരുന്നാളിനോടനുബന്ധിച്ച് മലങ്കര സഭാ മക്കളുടെ സംഗമത്തിൽ സീറോ മലബാർ സഭയുടെ തലവനും പിതാവുമായ മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിന് ജൂലൈ 15-ന് ഔദ്യോഗികമായി സഭയുടെ സ്വീകരണം നൽകുകയും മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ളീമിസ് കാതോലിക്കാ ബാവ ആശംസകൾ അറിയിക്കുകയും ചെയ്തു.

# ഭദ്രാസന വാർത്തകൾ

## നിത്യവ്രതവാഗ്ദാനം

ബഥനി മിശിഹാനുകരണ സന്യാസിനി സമൂഹം, മൂവാറ്റുപുഴ പ്രൊവിൻസിലെ സി. ജൊവാൻ SICയുടെ നിത്യവ്രത വാഗ്ദാനം മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ 2024 ഏപ്രിൽ 25-ന് കീഴില്ലം പ്രൊവിൻഷ്യൽ മന്ദിരത്തിൽ വച്ച് നടത്തപ്പെട്ടു.

## മ്ശംശോനാ പട്ടം

2024 മെയ് 22-ന് മൂവാറ്റുപുഴ ഭദ്രാസനത്തിനുവേണ്ടി ബ്രദർ പൗലോസ് പരിയാരത്ത് ഭദ്രാസന ദൈവാലയത്തിൽ വച്ച്, അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തായിൽ നിന്നും മ്ശംശോനാ പട്ടം സ്വീകരിച്ചു.

## അഭിവന്ദ്യ ആന്റണി വാലുങ്കൽ പിതാവിന്റെ സന്ദർശനം

വരാപ്പുഴ രൂപതയുടെ സഹായമെത്രാൻ അഭിവന്ദ്യ ആന്റണി വാലുങ്കൽ പിതാവ് 2024 ജൂൺ 1-ന് അഭിവന്ദ്യ പിതാവിനെ വിമലഗിരി അരമനയിൽ സന്ദർശിച്ചു.

## സ്ഥാനാരോഹണ വാർഷികം

മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ത്രിതീയ അധ്യക്ഷനായ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണവാർഷികം 2024 ജൂൺ 12-ന് വിമലഗിരി അരമനയിൽ വച്ച് ആഘോഷിച്ചു.

## കെ.സി.ബി.സി ജാഗ്രത കമ്മീഷൻ ചെയർമാൻ

കേരളകത്തോലിക്കാ സഭയുടെ ജാഗ്രതയുടെ മുഖമായ കെ.സി.ബി.സി. സാമൂഹിക ഐക്യ ജാഗ്രത കമ്മീഷൻ ചെയർമാനായി മൂവാറ്റുപുഴ രൂപതാധ്യക്ഷൻ ബിഷപ്പ് ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത തെരഞ്ഞെടുക്കപ്പെട്ടു. കമ്മീഷൻ ചെയർമാനായിരുന്ന ബിഷപ്പ് ഡോ. ജോസഫ് കരിയിൽ വിരമിച്ച ഒഴിവിലാണ് പുതിയ നിയമനം. താമരശ്ശേരി രൂപത മെത്രാൻ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ, കോട്ടപ്പുറം രൂപതാധ്യക്ഷൻ റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ എന്നിവരാണ് വൈസ് ചെയർമാന്മാർ. റവ. ഡോ. മൈക്കിൾ പുളിക്കൽ CMI കമ്മീഷൻ സെക്രട്ടറി സ്ഥാനത്ത് തുടരും. എറണാകുളം പി.ഒ.സിയിൽ നടന്ന കെ.സി.ബി.സി. വർഷകാല സമ്മേളനത്തിലാണ് പുതിയ നിയമനങ്ങൾ.

## മോർ ഇവാനിയൻ കോളേജിന്റെ ഒരു ബ്ലോക്ക് കൂദാശചെയ്തു

2024 ജൂൺ 15-ന് മൂവാറ്റുപുഴ രൂപതയുടെ വടക്കാഞ്ചേരിയിലുള്ള മോർ ഇവാനിയൻ കോളേജിന്റെ ഗ്രൗണ്ട് ഫ്ളോർ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ്

മെത്രാപ്പോലീത്ത കൂദാശ ചെയ്തു. രൂപതാ വികാരി ജനറൽ വെരി.റവ.ഫാ.തോമസ് ഞാറക്കാട്ട് കോറെപ്പിസ്കോപ്പാ, കോളേജ് ബർസാർ ഫാ. ജോർജ് അറയ്ക്കമാലിയിൽ, പ്രിൻസിപ്പാൾ ഡോ. കെ. അലക്സാണ്ടർ, വൈദികർ, അധ്യാപകർ, ജനപ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

## പുതിയ പ്രൊവിൻഷ്യലിന് അനുമോദനങ്ങൾ

മിശിഹാനുകരണ സന്യാസി സമൂഹം നവജ്യോതി പ്രൊവിൻസിന്റെ പ്രൊവിൻഷ്യലായി വീണ്ടും തെരഞ്ഞെടുക്കപ്പെട്ട വെരി.റവ.ഡോ. ജോർജ് അയ്യനെത്തിനെയും, പ്രൊവിൻഷ്യൽ ടീമിനെയും അഭിവന്ദ്യ പിതാവ് പ്രൊവിൻഷ്യലേറ്റിൽ സന്ദർശിക്കുകയും അനുമോദനങ്ങൾ നേരുകയും ചെയ്തു.

## ഫിനാൻസ് കൗൺസിലിന്റെ യോഗം

2024 ജൂൺ14-ന് വിമലഗിരി അരമനയിൽ രൂപത ഫിനാൻസ് കൗൺസിൽ അംഗങ്ങളുടെ യോഗം നടത്തപ്പെട്ടു. ഭദ്രാസനത്തിന്റെ സാമ്പത്തിക സ്ഥിതി യോഗം വിലയിരുത്തുകയും ബലിഷ്ഠമായ ഒരു സാമ്പത്തിക അടിത്തറ ഭദ്രാസനത്തിൽ ഉണ്ടാകുന്നതിന് ആവശ്യമായ ചർച്ചകളും തീരുമാനങ്ങളും യോഗം കൈക്കൊള്ളുകയും ചെയ്തു. യോഗത്തിന് അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ചു.

## രൂപതാ ആലോചന സമിതി യോഗം

രൂപതയുടെ ആലോചന സമിതി യോഗം 2024 ജൂൺ 15-ന് അഭിവന്ദ്യ പിതാവിന്റെ അധ്യക്ഷതയിൽ വിമലഗിരി അരമനയിൽ വച്ച് നടത്തപ്പെട്ടു. ഭദ്രാസനത്തിന്റെ കാര്യക്ഷമമായ വളർച്ചയ്ക്ക് ആവശ്യമായ ചർച്ചകളും തീരുമാനങ്ങളും യോഗത്തിൽ ചർച്ച ചെയ്യപ്പെട്ടു.

## നവീകരിച്ച കളമ്പൂർ, സെന്റ് ബ്ലാസിയൂസ് പള്ളി കൂദാശ ചെയ്തു

2024 ജൂൺ 16-ന് വൈകുന്നേരം 3 മണിക്ക് നവീകരിച്ച പിറവം മേഖലയിലെ കളമ്പൂർ, സെന്റ് ബ്ലാസിയൂസ് പള്ളി അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവ് കൂദാശ ചെയ്തു. തുടർന്ന് പിറവം മേഖലയുടെ നേതൃത്വത്തിലുള്ള ദിവ്യകാരുണ്യ വർഷം ആചരണവുമായി ബന്ധപ്പെട്ട് സമൂഹ ബലിയും നടത്തപ്പെട്ടു.

## ജീവൻ സംരക്ഷണയാത്ര

കെ.സി.ബി.സി പ്രോ ലൈഫ് സംസ്ഥാന സമിതിയുടെ ജീവൻ സംരക്ഷണയാത്ര 2024 ജൂലൈ മാസം 10–ാം തീയതി മൂവാറ്റുപുഴ അരമനയിൽ എത്തിച്ചേർന്നു. അഭിവന്ദ്യ പിതാവ് സംഘാടകരെ ഹാരമണിയിച്ചു സ്വീകരിച്ചു. കെ.സി.ബി.സി പ്രോലൈഫ് സിമിതയുടെയും ഫാമിലി കമ്മീഷന്റെയും ചെയർമാൻ ക്ലീറ്റസ് പറമ്പിൽ അച്ചനാണ് യാത്രക്ക് നേതൃത്വം നൽകുന്നത്.

## തീർത്ഥാടന പദയാത്ര

മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ നേതൃത്വത്തിലുള്ള ധന്യൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ കബറടത്തിലേക്കുള്ള തീർത്ഥാടന പദയാത്ര 2024 ജൂലൈ 6–ന് പരിശുദ്ധ കുർബാന അർപ്പണത്തോടുകൂടി മൂവാറ്റുപുഴ സെന്റ് ജോസഫ് കത്തീഡ്രൽ ദൈവാലയത്തിൽ നിന്നും ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തായുടെ അനുഗ്രഹാശിസ്സുകളോടെ ആരംഭിച്ചു. തീർത്ഥാടന പദയാത്രയുടെ ജനറൽ കൺവീനർ ആദരണീയനായ വികാർ ജനറൽ ഫാ. തോമസ് ഞാറക്കാട്ട് കോർഎപ്പിസ്കോപ്പ ആയിരുന്നു. റവ. ഫാ. ജോസ് കുറ്റിക്കേരിൽ, പെരിയ. ബഹു. ഡോ. വർഗീസ് മഠത്തിക്കുന്നത്ത്, പെരിയ. ബഹു. ഫാ. പൗലോസ് കിഴക്കിനേടത്ത്, മദർ ജോസ്ന എസ്.ഐ.സി, ശ്രീ.ഷിബു പനച്ചിക്കൽ എന്നിവർ സംഘാടക സമിതിയുടെ കോഡിനേറ്റേഴ്സ് ആയിരുന്നു. പദയാത്രയിൽ ആദ്യന്തം പങ്കെടുത്തവർക്ക് ഹൃദയംനിറഞ്ഞ അഭിനന്ദനങ്ങൾ.

## കന്തീലാ ശുശ്രൂഷ

19/07/2024 (വെള്ളി) വൈകുന്നേരം 5.30–ന് മൂവാറ്റുപുഴ ഭദ്രാസനത്തിലെ സീനിയർ വൈദികനായ പെരിയ ബഹുമാനപ്പെട്ട കുരുവിള പാറേക്കടവിൽ അച്ചന്, സാൻജോ ക്ലർജിഹോമിൽ വച്ച് അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്താ യുടെയും അഭിവന്ദ്യ ഏബ്രഹാം മാർ ജൂലിയോസ് മെത്രാപ്പോലീത്താ യുടെയും കാർമികത്വത്തിൽ കന്തീലാ ശുശ്രൂഷ നൽകി. ധാരാളം വൈദീ കരും, സന്യസ്തരും കുരുവിളയച്ചന്റെ ബന്ധുക്കളും ശുശ്രൂഷയിൽ സന്നിഹിതരായിരുന്നു.

# മാർ ഈവാനിയോസ് അനുസ്മരണം 2024

## കരിമ്പ മേഖല

ധന്യൻ മാർ ഈവാനിയോസ് തിരുമേനിയുടെ 71-ാം ഓർമ്മപ്പെരുന്നാൾ കരിമ്പ വൈദിക ജില്ലയുടെ ആഭിമുഖ്യത്തിൽ കരിമ്പ, മാർ ഇവാനിയോസ് നഗറിൽ, നിർമ്മലഗിരി സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്ക മരിയൻ തീർത്ഥാടന ദൈവാലയത്തിൽ വെച്ചു നടന്നു. തുടർന്ന് കാഞ്ഞിക്കുളം തിരുക്കുടുംബ ദൈവാലയത്തിൽ നിന്നും ചിറക്കപ്പടി സെന്റ് ജോർജ് ദേവാലയത്തിൽ നിന്നും ആരംഭിച്ച ഭക്തിസാന്ദ്രമായ അനുസ്മരണ പദയാത്രയെ നിർമ്മലഗിരി സെന്റ് മേരീസ് മലങ്കര കത്തോലിക്ക ദൈവാലയത്തിൽ അഭിവന്ദ്യ ഡോ. എബ്രഹാം മാർ ജൂലിയോസ് മെത്രാപ്പോലീത്ത സ്വീകരിച്ചു. കോയമ്പത്തൂർ സെന്റ് തോമസ് ആരോഗ്യമാത മിഷൻ, ഒലവക്കോട്, കോങ്ങാട്, കാഞ്ഞികുളം, കരിമ്പ, ജെല്ലിപ്പാറ, ചിറക്കൽപ്പടി, ഇരുമ്പാമുട്ടി, മണ്ണാർക്കാട്, കരിമ്പ എന്നീ ഇടവകകളിൽ നിന്നുള്ള വിശ്വാസികൾ പദയാത്രയിൽ അണിചേർന്നു. ആഘോഷമായ വിശുദ്ധ കുർബാന, അനുസ്മരണ സന്ദേശം, ധൂപ പ്രാർത്ഥന, ഉന്നത വിജയം നേടിയവരെ ആദരിക്കൽ, നേർച്ച തുടങ്ങി വിവധ പരിപോടികളോടെ അനുസ്മരണ ദിനം ആഘോഷിച്ചു.

## കുന്നംകുളം മേഖല

കുണ്ടുകാട് സെന്റ് ജോസഫ്സ് ചർച്ചിൽ നിന്നാരംഭിച്ച പദയാത്ര കട്ടിലപ്പൂവം സെന്റ് മേരീസ് പള്ളിയിൽ സമാപിച്ചു. മോസ്റ്റ്. റവ. ഡോ. ആന്റണി മാർ സിൽവാനോസ് മെത്രാപ്പോലീത്ത മുഖ്യ കാർമികത്വം വഹിച്ചു. മേഖല വികാരി ഫാ. തോമസ് വെട്ടിക്കാട്ടിൽ, ഫാ. ബിജു എടയാളിക്കുടിയിൽ, ഫാ. മാത്യൂ അറയ്ക്കൽ, ഫാ. റോയ് കാപ്പിൽ, ഫാ. കുര്യാക്കോസ് കറുത്തേടത്ത്, ഫാ. ബാബു മുണ്ടുംപാൽ, ഫാ. ജോബ് ഫാ. കുര്യൻ, സന്യസ്തർ, വിശ്വാസികൾ തുടങ്ങിയവർ പങ്കെടുത്തു.

## പീച്ചി മേഖല

പീച്ചി മേഖലയിലെ മാർ ഈവാനിയോസ് അനുസ്മരണം പദയാത്രയോടു കൂടെ കൈറാടി, മദർ തെരേസ ദേവാലയത്തിൽനിന്നും ആരംഭിച്ച് അമലഗിരി, സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ എത്തിച്ചേർന്നു. മൂവാറ്റുപുഴ ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ തെയഡോഷ്യസ് പിതാവ് പദയാത്രയെ സ്വീകരിച്ചു. തുടർന്ന് നടന്ന സമൂഹബലിയിൽ അഭിവന്ദ്യ പിതാവ്



2024 ഏപ്രിൽ 25–ന് നിത്യവ്രതവാഗ്ദാനം നടത്തിയ മൂവാറ്റുപുഴ പ്രൊവിൻസിലെ സിസ്റ്റർ ജൊവാൻ എസ്.ഐ.സി. അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തായോടൊപ്പം.



2024 മെയ് 22–ന് മൂവാറ്റുപുഴ ഭദ്രാസനത്തിന് വേണ്ടി മ്ശംശോനോ പട്ടം സ്വീകരിച്ച ഡീക്കൻ പൗലോസ് പരിയാരത്ത് അഭിവന്ദ്യ പിതാവിനോടൊപ്പം.



2024 ജൂൺ 1–ന് വരാപ്പുഴ രൂപതയുടെ സഹായ മെത്രാൻ അഭി. ആന്റണി വാലുങ്കൽ പിതാവ് അഭി. തെയഡോഷ്യസ് മെത്രാപ്പോലീത്തായെ സന്ദർശിച്ചപ്പോൾ.







2024 ജൂൺ 15–ന് വടക്കാഞ്ചേരിയിലുള്ള മോർ ഈവാനിയൻ കോളേജിന്റെ ഏതാനം ക്ലാസ്സ്റൂമുകളുടെ കൂദാശ കർമ്മം അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചപ്പോൾ.





മിശിഹാ അനുകരണ സന്യാസി സമൂഹം നവജ്യോതി പ്രൊവിൻസിന്റെ പുതിയ പ്രൊവിഷ്യൽ റവ. ഡോ. ജോർജ്ജ് അയ്യനേത്തിനേയും പ്രൊവിൻഷ്യൽ ടീമിനേയും അഭി. പിതാവ് അനുമോദിച്ചപ്പോൾ.





2024 ജൂൺ 16–ന് നവീകരിച്ച കളമ്പൂർ, സെന്റ്. ബ്ലാസിയൂസ് പള്ളിയുടെ കൂദാശകർമ്മം
അഭി. പിതാവ് നിർവ്വഹിച്ചപ്പോൾ.





കെ.സി.ബി.സി. ജീവൻ സന്ദേശ യാത്രയ്ക്ക് മൂവാറ്റുപുഴ അരമനയിൽ
നൽകിയ സ്വീകരണം.












ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിടത്തിലേക്കുള്ള തീർത്ഥാടന പദ
യാത്ര 2024 ജൂലൈ 6–ാം തീയതി മൂവാറ്റുപുഴ സെന്റ് ജോസഫ്സ് കത്തീഡ്രൽ
ദൈവാലയത്തിൽനിന്നും ആരംഭിച്ചപ്പോൾ.








ഗുരു സന്നിധി മൈനർ സെമിനാരിയിലെ അധ്യയനവർഷ ഉദ്ഘാടനം 'SCHOLA BREVIS' 2024 ജൂൺ 9–ാം തീയതി നടന്നപ്പോൾ.






എം.സി.വൈ.എം. സംഘടനയുടെ കർമ്മ പദ്ധതി അഭി. പിതാവ് പ്രകാശനം ചെയ്യുന്നു.





എം.സി.എ. സംഘടനയുടെ നേതൃത്വത്തിലുള്ള അൽമായ ദിനാചരണം അഭി. പിതാവ് ഉദ്ഘാടനം ചെയ്യുന്നു.







മൂവാറ്റുപുഴ ഭദ്രാസനത്തിലെ സീനിയർ വൈദീകനായ ബഹു. കുരുവിള പാറേക്കടവിൽ അച്ചന് അഭി. പിതാക്കന്മാരുടെ കാർമ്മികത്വത്തിൽ 'കന്തീല' നൽകിയപ്പോൾ.




സമൃദ്ധി സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് കീഴിൽ നടക്കുന്ന മാർ തെയഡോഷ്യസ് ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട പണി പൂർത്തീകരിക്കപ്പെട്ട ഭവനം അഭി. പിതാവ് കൂദാശ ചെയ്തപ്പോൾ.




മതാദ്ധ്യാപക സംഗമം 'INSPIRE 2024' വിവധ മേഖലകളിൽ വച്ച് നടത്തപ്പെട്ടപ്പോൾ.



കുന്നംകുളം മേഖലയിലെ യുവ കുടുംബങ്ങളുടെ സംഗമം 2024 മാർച്ച് 3 – ന് പാർലിക്കാട് ദൈവാലയത്തിൽവച്ച് നടത്തപ്പെട്ടപ്പോൾ.




സമൃദ്ധിയുടെ ഭാഗമായുള്ള സജീവം ആന്റി ഡ്രഗ്ഗ് ക്യാമ്പയിൻ കുന്നംകുളം ബഥനി സ്കൂളിൽ വച്ച് നടത്തപ്പെട്ടപ്പോൾ.

മുഖ്യ കാർമ്മികനായി. മേഖലയിലെ മറ്റു വൈദികരും, ബഥനി നവജ്യോതി പ്രോവിൻസിന്റെ സുപ്പീരിയർ വെരി. റവ. ഡോ. ജോർജ് അയ്യനേത്തും സഹകാർമികരായി. വെരി. റവ. ഡോ. ജോർജ് അയ്യനേത്ത് അനുസ്മരണ പ്രഭാഷണം നടത്തി. മേഖലയിലെ എല്ലാ ഇടവകകളിൽ നിന്നും ധാരാളം വിശ്വാസികൾ ഇതിൽ സംബന്ധിച്ചു.

## മൂവാറ്റുപുഴ മേഖല

ധന്യൻ മാർ ഇവാനിയോസ് പിതാവിന്റെ 71-ാം ഓർമ്മപെരുന്നാൾ ജൂലൈ 21 ഞായറാഴ്ച മൂവാറ്റുപുഴ മേഖലയുടെ ആഭിമുഖ്യത്തിൽ പൂതൃക്ക സെന്റ് ജെയിംസ് മലങ്കര കത്തോലിക്ക പള്ളിയിൽ വച്ച് നടത്തി. ഉച്ചകഴിഞ്ഞ് 2: 30-ന് രാമമംഗലം ക്നാനായ മലങ്കര കത്തോലിക്ക പള്ളിയിൽ നിന്ന് ആരംഭിച്ച പദയാത്ര ക്നാനായ പള്ളി വികാരി റെവ ഫാ. ലല്ലു കൈതാരം ഉദ്ഘാടനം ചെയ്തു. മേഖലാ വികാരി ഫാ. വർഗീസ് മടത്തിക്കുന്നത്ത് പദയാത്ര ഫ്ളാഗ് ഓഫ് ചെയ്തു. തുടർന്ന് എം. സി. എ. യുടെയും, എം. സി. വൈ. എം. ന്റെയും നേതൃത്വത്തിൽ മേഖലയിലെ എല്ലാ വൈദികരും, സിസ്റ്റേഴ്സും ദൈവജനവും ചേർന്ന് പദയാത്രയായി സെന്റ് ജെയിംസ് മലങ്കര കത്തോലിക്കാ പള്ളിയിൽ എത്തിച്ചേർന്നു. വികാരി ഫാ. ഫിലിപ്പ് ഇരട്ടമാക്കൽ പദയാത്രയെ ദൈവാലയത്തിലേക്ക് സ്വീകരിച്ചു. ദൈവാലയത്തിൽ ബഥനി സന്യാസ സമൂഹം ജനറാൾ പെരിയ ബഹു. ഗീവർഗീസ് കുറ്റിയിൽ അച്ചൻ അനുസ്മരണ പ്രഭാഷണം നടത്തി. ഈ ചടങ്ങിൽ മൂവാറ്റുപുഴ മേഖലയിൽ നിന്നും SSLC, +2 പരീക്ഷകളിൽ എല്ലാ വിഷയത്തിനും Full A+ നേടിയ കുട്ടികളെ മെമെന്റോയും ക്യാഷ് അവാർഡും നൽകി ആദരിച്ചു. തുടർന്ന് പൗരോഹിത്യ ജൂബിലി ആഘോഷിക്കുന്ന ബഹു. ബോസ് നെല്ലാട്ട് അച്ചനെ അനുമോദിച്ചു. രൂപതാ അധ്യക്ഷൻ അഭിവന്ദ്യ യുഹാനോൻ മാർ തെയഡോഷ്യസ് പിതാവ് സമാപന സന്ദേശവും ധൂപ പ്രാർത്ഥനയും ആശിർവാദവും നൽകി.

## പിറവം മേഖല

പിറവം മേഖല ധന്യൻ മാർ ഈവാനിയോസ് അനുസ്മരണ പ്രോഗ്രാം 13.07.2024-ന് നീറാംമുകൾ സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിൽ വച്ച് നടന്നു. രാവിലെ 9 മണിക്ക് കരിക്കാട്ടുപടിയിൽ നിന്നും പള്ളിയിലേക്ക് നടത്തിയ പദയാത്രയോടെ പ്രോഗ്രാം ആരംഭിച്ചു. പള്ളിയിൽ എത്തിച്ചേർന്ന പദയാത്രികരെ മൂവാറ്റുപുഴ ഭദ്രാസന അദ്ധ്യക്ഷൻ

അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത സ്വീകരിച്ച് ആശീർവാദം നൽകി. തുടർന്ന്, അഭിവന്ദ്യ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ആഘോഷമായ വിശുദ്ധ കുർബ്ബാനയർപ്പിച്ചു. മേഖലയിലെ വികാരിമാർ സഹകാർമികരായി. വിശുദ്ധ കുർബ്ബാനയ്ക്കുശേഷം അഭിവന്ദ്യ പിതാവ് അനുസ്മരണ പ്രഭാഷണം നടത്തി. തുടർന്ന്, ധന്യൻ മാർ ഈവാനിയോസ് പിതാവിനെ അനുസ്മരിച്ച് ധൂപ പ്രാർത്ഥന നടത്തി. അതിനുശേഷം അവാർഡ് ദാനം നടന്നു. സൺഡേ സ്കൂൾ രൂപത മത്സരപരീക്ഷയിൽ 4 മുതൽ 12 വരെ ക്ലാസുകളിൽ മേഖലയിൽ ഒന്നാം റാങ്ക് നേടിയവർക്ക് ക്യാഷ് അവാർഡ് നൽകി. അതോടൊപ്പം തിരുവല്ല അതിരൂപതയുടെ നാലാമത്തെ അദ്ധ്യക്ഷനായിരുന്ന വെളിയനാട് ഇടവകാംഗം അഭിവന്ദ്യ ഐസക്ക് മോർ യൂഹാനോൻ മെത്രാപ്പോലീത്തായുടെ സ്മരണാർത്ഥം പിറവം മേഖലയും പിതാവിന്റെ സഹോദരി ശ്രീമതി അന്നമ്മ കൂട്ടപ്ലാക്കിലും ഏർപ്പെടുത്തിയിട്ടുള്ള എൻഡോവ്മെന്റും എറണാകുളം ഇടവകാംഗം പരേതയായ പ്രൊഫ. ഡോ. ആനി ജോർജ് വാളകുഴിയുടെ പേരിൽ ഏർപ്പെടുത്തിയിട്ടുള്ള എൻഡോവ്മെന്റും വിതരണം ചെയ്തു. ജില്ലാ വികാരി പെരി. ബഹു. പൗലോസ് കിഴക്കിനേടത്ത് അച്ചൻ, നീറാമുകൾ ഇടവക വികാരി ബഹു. മാത്യു കളരിക്കാലായിൽ അച്ചൻ എന്നിവർ അനുസ്മരണ ദിനാഘോഷത്തിന് നേതൃത്വം നൽകി.

# കൂരിയ വാർത്തകൾ

## Appointment & Relieving -
## <u>With effect from 20th July 2024</u>

| | | |
|---|---|---|
| 1. Rt. Rev. Thomas Njarakkatt Corepiscopo | - | Relieved from St. Mary's SMCC, Vettickal. |
| 2. Rev. Fr. Varghese Kadamala | - | Relieved from the office of Chancellor. |

3. Very Rev. Dr. Varghese Panthirayithadathil - Appointed as Eparchial Chancellor; Member, College of Consultors; Vicar, St. Mary's SMCC, Vettickal; Chaplain, DM Convent, Vettickal; Local Manager, St. Philomina's HS, Thiruvaniyoor.

4. Rt. Rev. Kurian Arambillikudiyil Corepiscopo - Change of residence to Samridhy Gram, Vengola .

# മതബോധന വാർത്തകൾ

## ധന്യൻ മാർ ഈവാനിയോസ് അനുസ്മരണം

ധന്യൻ മാർ ഈവാനിയോസ് തിരുമേനിയുടെ 71-ാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് സൺഡേസ്ക്കൂൾ ജൂനിയർ, സീനിയർ വിഭാഗങ്ങളിലെ കുട്ടികൾക്കായി പിതാവിന്റെ ജീവിതത്തെയും, ദർശനത്തെയും അടിസ്ഥാനമാക്കി ഓൺലൈൻ പ്രസംഗ മത്സരം നടത്തപ്പെട്ടു.

## MBOC ക്യാമ്പുകൾ നടത്തപ്പെട്ടു.

MBOC ക്യാമ്പ് ഈ വർഷം ഏപ്രിൽ, മെയ് മാസങ്ങളിലായി വിവിധ മേഖലകളിലായി നടത്തപ്പെട്ടു. ഈ വർഷത്തെ ക്യാമ്പ് തീം 'അബ്ബാ നാം ദൈവമക്കൾ' എന്നതാണ്. ക്യാമ്പ് ലീഡേഴ്സിനുള്ള ട്രെയിനിങ്ങ് ഏപ്രിൽ 6, 7 തിയ്യതികളിലായി പീച്ചി ദർശനയിൽ വെച്ച് നടത്തപ്പെട്ടു. 30 ലീഡേഴ്സ് ഇതിൽ സംബന്ധിച്ചു. തിരുവല്ല അതിരൂപതയിലെ ഡീക്കൻ ആൽവിൻ പറത്താനം, ഡീക്കൻ നൈനാൻ വെട്ടൂരാത്ത് എന്നിവർ ചേർന്ന് ലീഡേഴ്സിനു പരിശീലനം കൊടുത്തു.

## വിവിധ മേഖലകളിലെ MBOC ക്യാമ്പുകൾ

### മൂവാറ്റുപുഴ മേഖല

മൂവാറ്റുപുഴ മേഖലയിലെ MBOC ക്യാമ്പ് ഏപ്രിൽ 9,10 തിയ്യതികളിൽ വെങ്ങോല സമൃദ്ധി ഗ്രാമിൽ വെച്ച് നടത്തപ്പെട്ടു. ഇവിടെ

നടത്തിയ സ്റ്റേ ക്യാംമ്പിൽ 13 ഇടവകകളിൽ നിന്നായി 112 കുട്ടികൾ പങ്കെടുത്തു. അഭി. യൂഹാന്നോൻ മാർ തെയഡോഷ്യസ് തിരുമേനി ക്യാമ്പ് സന്ദർശിച്ചു.

## കരിമ്പ മേഖല

കരിമ്പ മേഖലയിലെ MBOC ക്യാമ്പ് ഏപ്രിൽ 10,11 തിയ്യതികളിൽ കരിമ്പ സെൻ്റ് മേരീസ് ബഥനി സ്കൂളിൽ വെച്ച് നടത്തപ്പെട്ടു. ഇവിടെ നടത്തിയ സ്റ്റേ ക്യാമ്പിൽ 8 ഇടവകകളിൽ നിന്ന് 131 കുട്ടികൾ സംബന്ധിച്ചു. തച്ചംപാറ E.S.A.F. ആശുപത്രിയിലെ ഡോ. ജെയ്മി വ്യക്തിത്വ വികസനം എന്ന വിഷയത്തെ കുറിച്ച് ബോധവത്ക്കരണം നടത്തി.

## പീച്ചി മേഖല

പീച്ചി മേഖലയിലെ MBOC ക്യാമ്പ് പീച്ചി ദർശന പാസ്റ്റർ സെൻ്ററിൽ വെച്ച് നടത്തപ്പെട്ടു. ഈ മേഖലയിലെ 10 ഇടവകകളിൽ നിന്നായി 210 കുട്ടികൾ ഡേ ക്യാമ്പിൽ പങ്കടുത്തു.

## കുന്നംകുളം മേഖല

കുന്ദംകുളം മേഖലയിലെ MBOC ഡേ ക്യാമ്പ് ഏപ്രിൽ 29,30 തിയ്യതികളിലായി കരുവാൻങ്കാട് വിമലഗിരി പബ്ലിക്ക് സ്ക്കൂളിലും, ചേലക്കര സെൻ്റ് മേരീസ് മലങ്കര കത്തോലിക്കാ പള്ളിയിലും വെച്ച് നടത്തപ്പെട്ടു. കരുവാൻങ്കാട് വിമലഗിരി പബ്ലിക്ക് സ്ക്കൂളിൽ 12 പള്ളികളിൽ നിന്നായി 129 കുട്ടികളും, ചേലക്കര സെൻ്റ് മേരീസ് മലങ്കര കത്തോലിക്കാ പള്ളിയിൽ 3 പള്ളികളിൽ നിന്നായി 55 കുട്ടികളും സംബന്ധിച്ചു.

## പിറവം മേഖല

പിറവം മേഖല MBOC ഡേ ക്യാമ്പ് മെയ്യ് 1,2 തിയ്യതികളിലായി പിറവം സെൻ്റ് ജോസഫ് സ്ക്കൂളിലും, കളമശ്ശേരി മലങ്കര കത്തോലിക്കാ പള്ളിയിലുംവെച്ച് നടത്തപ്പെട്ടു. പിറവം സെൻ്റ് ജോസഫ് സ്ക്കൂളിൽ 12 ഇടവകകളിൽ നിന്നായി 120 കുട്ടികളും, കളമശ്ശേരി മലങ്കര കത്തോലിക്കാ പള്ളിയിൽ 4 ഇടവകകളിൽ നിന്നായി 107 കുട്ടികളും ഡേ ക്യാമ്പിൽ സംബന്ധിച്ചു.

## MBOC ക്യാമ്പ് ലീഡേഴ്സിൻ്റെ പേരുകൾ

ഡീ. പൗലോസ് പരിയാരത്ത്, ബ്ര. റിജോ പുത്തൻ പുരയിൽ, ബ്ര. ഹെൻട്രി ഇളംമ്പത്തിരിയൻ, ബ്ര. ജോസഫ് മനയിൽ, ബ്ര ജോസ് മാമൂട്ടത്ത്, ബ്ര. റോണി പടിഞ്ഞാറേക്കര, സി. ലിറ്റിൽ ഫ്ളവർ, സി.

ടോമിന. സി. വിമല, സി. നോയൽ, സി. എയ്ഞ്ചൽ, സി. എൽവീന, സി. ജിസ, സി. ജുവൽ, സി. ആൻ മരിയ, സി. ബീന പോൾ, സി. മരീന, സി. സുനിത, അന്നമ്മ, ബീന, മേഴ്സി, സിജി, ഷീല, അന്ന, എബി, സെബിൻ, ബെൻസൻ, ജോവിൻ, ബ്രിറ്റ്ലിൻ, ആഷ്ലിൻ.

## സൺഡേ സ്ക്കൂൾ പ്രവേശനോത്സവം

സൺഡേ സ്ക്കൂൾ 2024-2025 അധ്യായന വർഷ പ്രവേശനോത്സവം മെയ് 19-ാം തീയതി പെന്തിക്കൊസ്തി പെരുന്നാളിൽ രൂപതയിലെ എല്ലാ ഇടവകകളിലും വർണ്ണശബളമായ ചടങ്ങുകളോടുകൂടി ആരംഭിച്ചു. നേതൃത്വം കൊടുത്ത എല്ലാ ഇടവക വികാരി അച്ചന്മാരെയും, സൺഡേ സ്ക്കൂൾ ഹെഡ്മാസ്റ്റർ, സെക്രട്ടറി, അദ്ധ്യാപകർ, ഇടവക കമ്മറ്റിക്കാർ ഏവരോടും നന്ദി അർപ്പിക്കുന്നു. മെയ് 26-ന് സൺഡേ സ്ക്കൂൾ ഔദ്യോഗികമായി എല്ലാ ഇടവകകളിലും ആരംഭിച്ചു.

# INSPIRE 2024

## വിശ്വാസപരിശീലന അദ്ധ്യാപക സംഗമം

മൂവാറ്റുപുഴ ഭദ്രാസനത്തിലെ മൂവാറ്റുപുഴ, പിറവം വൈദീക മേഖലകളുടെ വിശ്വാസ പരിശീലന അദ്ധ്യാപകർക്കായുള്ള ട്രെയിനിങ്ങ് പ്രോഗ്രാം INSPIRE 2024 എന്ന പേരിൽ ജൂലൈ 16-ാം തിയ്യതി കോലഞ്ചേരി St. Pauls Brthany School-ൽ വെച്ച് നടത്തുകയുണ്ടായി. രാവിലെ 10 മണിക്ക് പ്രാർത്ഥനയോടുകൂടി ആരംഭിച്ച ട്രെയിനിംങ്ങ് പ്രോഗ്രാമിന്റെ ഉദ്ഘാടന സമ്മേളനത്തിൽ സൺഡേസ്ക്കൂൾ ഡയറക്ടർ Rev. Fr. Joseph Kudilil ഏവർക്കും സ്വാഗതം ആശംസിച്ചു. മൂവാറ്റുപുഴ രൂപത വികാരി ജനറാൾ Rt. Rev. Thomas Njarakkattu Corepiscopa ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ അദ്ധ്യാപകരെ ബോധവത്ക്കരിച്ചുകൊണ്ട് Mr. Laiju Mathew (Thiruvalla arch diocese) ക്ലാസ്സെടുത്തു. Rev. Fr. Mathew Kattarumoolayil കൃതജ്ഞത അർപ്പിച്ചു. പൊതുവായുള്ള ക്ലാസ്സിനെ തുടർന്ന് അദ്ധ്യാപകരെ നാല് വിഭാഗങ്ങളായി തിരിച്ചു ക്ലാസ്സെടുത്തു.സമ്മേളനത്തിൽ 132 അധ്യാപകർ പങ്കെടുത്തു. ഉച്ചഭക്ഷണത്തോടെ 2.30-ന് സമ്മേളനം പര്യവസാനിച്ചു.

പീച്ചി, കുന്ദംകുളം, കരിമ്പ മേഖലകളുടെ വിശ്വാസ പരിശീലന അദ്ധ്യാപകർക്കായുള്ള ട്രെയിനിംങ്ങ് പ്രോഗ്രാം INSPIRE 2K24 എന്ന പേരിൽ ജൂൺ 17-ാം തിയ്യതി പീച്ചി ദർശനയിൽ വെച്ച് നടത്തുകയുണ്ടായി. രാവിലെ 10 മണിക്ക് പ്രാർത്ഥനയോടുകൂടി ആരംഭിച്ച ട്രെയിനിംങ്ങ് പ്രോഗ്രാമിന്റെ ഉദ്ഘാടന സമ്മേളനത്തിൽ

സൺഡേസ്ക്കൂൾ ഡയറക്ടർ Rev. Fr. Joseph Kudilil ഏവർക്കും സ്വാഗതം ആശംസിച്ചു. പീച്ചി മേഖല ഡയറക്ടർ Very Rev. Fr. Johny Cherikayathu ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ അദ്ധ്യാപകരെ ബോധവത്ക്കരിച്ചുകൊണ്ട് Rev. Fr. Lijin Kaduvingal (Mavelikara Diocese) ക്ലാസ്സെടുത്തു. കരിമ്പ നിർമ്മലഗിരി പള്ളിയിലെ ആൻസി ടീച്ചർ അച്ചന് നന്ദി പറഞ്ഞു. പൊതുവായുള്ള ക്ലാസ്സിനെ തുടർന്ന് അദ്ധ്യാപകരെ മൂന്ന് വിഭാഗങ്ങളായി തിരിച്ചു ക്ലാസ്സെടുത്തു. സമ്മേളനത്തിൽ 193 അധ്യാപകർ പങ്കെടുത്തു. സൺഡേസ്ക്കൂൾ ക്ലാസ്സുകൾ ആകർഷകമാക്കത്തക്കവിധം എങ്ങനെ ക്ലാസ്സുകൾ എടുക്കാം എന്നതായിരുന്നു ലിജിൻ അച്ചന്റെ ക്ലാസ്സ്. കുട്ടികളുടെ തലത്തിലേക്കിറങ്ങിച്ചെന്ന് ക്ലാസ്സെടുക്കണമെന്ന് അദ്ധ്യാപകരെ ഉദ്ബോധിപ്പിച്ചു. ഓരോ വിഭാഗങ്ങൾക്കായുള്ള ക്ലാസ്സിൽ അതത് ക്ലാസ്സിലെ പുസ്തകങ്ങളുടെ പ്രതിപാദ്യം, ലക്ഷ്യം, അവയുടെ ഘടന ഇവയെക്കുറിച്ചും അവ എപ്രകാരം അവതരിപ്പിക്കണം എന്നും ക്ലാസ്സെടുത്തു.

ക്ലാസ്സിനു ശേഷം ദിവ്യകാരുണ്യ വർഷത്തൊടനുബന്ധിച്ച് ഒരു മണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തി. ഉച്ചഭക്ഷണത്തോടെ 2.30–ന് സമ്മേളനം പര്യവസാനിച്ചു.

# എം.സി.വൈ.എം. വാർത്തകൾ

## 'ELYSIAN' YOUTH GATHERING

എം.സി.വൈ.എം. മൂവാറ്റുപുഴ ഭദ്രാസന സമിതിയുടെ കർമ്മപദ്ധതി പ്രകാശനവും, യുവജനവർഷ, ദിവ്യകാരുണ്യവർഷ പ്രവർത്തനങ്ങളുടെ ആരംഭവും, പ്രവർത്തന പദ്ധതികളുടെ ധനശേഖരണാർത്ഥം ഭദ്രാസന സമിതി പുറത്തിറക്കുന്ന സമ്മാനക്കൂപ്പണിന്റെ ഉദ്ഘാടനവും 2024 ജൂൺ മാസം 29, 30 (ശനി, ഞായർ) തീയതികളിൽ പീച്ചി മേഖലയുടെ ആതിഥേയത്വത്തിൽ പീച്ചി ദർശന പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. 'ELYSIAN' എന്ന വാക്കിന്റെ അർത്ഥം 'ദൈവത്താൽ പ്രചോദിതർ' എന്നാണ്.

രൂപതാ അധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവ് കർമ്മപദ്ധതി പ്രകാശനം ചെയ്തു. പുതുതായി പ്രസ്ഥാനത്തിലേക്ക് കടന്നുവന്ന യുവജനങ്ങളെ രൂപത പ്രസിഡന്റ് അഡ്വക്കേറ്റ് അജിൻ കുര്യാക്കോസ് ഷാൾ അണിയിച്ചു സ്വീകരിച്ചു. രൂപത ട്രഷറർ പ്രിൻസി ജിലേഷ് മേഖലാ

പ്രസിഡന്റുമാർക്ക് കൂപ്പണുകൾ കൈമാറി. ജീസസ് യൂത്ത് തൃശൂർ സോണിലെ ടാലെന്റ് മിനിസ്ട്രിയുമായി ചേർന്ന് ദ്വിദിന യുവജന സംഗമവും നടന്നു. പരിശുദ്ധാത്മാവിനെ കുറിച്ച് കൂടുതലായി അറിവ് യുവജനങ്ങൾക്ക് പകർന്നു നൽകാൻ ഈ രണ്ടു ദിവസങ്ങളിൽ സാധിച്ചി. പരിപാടികൾക്ക് രൂപത ഡയറക്ടർ ഫാദർ ക്ലീറ്റസ് കിഴക്കൂടൻ, പ്രസിഡന്റ് അഡ്വക്കേറ്റ് അജിൻ കുര്യാക്കോസ്, ജനറൽ സെക്രട്ടറി ബെൻസൻ ബാബു, ട്രഷറർ പ്രിൻസി ജിലീഷ് വൈസ് പ്രസിഡന്റ് പ്രിൻസ് അലക്സ്, KCYM സിൻഡിക്കേറ്റ് സീമോൻ സാമുവേൽ, സെക്രട്ടറി മെറിൻ കെ മാത്യു, KCYM സെനറ്റ് അംഗം ജിജോ തോമസ് എന്നിവർ നേതൃത്വം നൽകി.

## 'ESPERANZA' 2K24 YOUTH CAMP

മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് (MCYM) മുവാറ്റുപുഴ ഭദ്രാസനത്തിലെ പിറവം, മുവാറ്റുപുഴ വൈദീക ജില്ലകളുടെ യൂത്ത് ക്യാമ്പ് ESPERANZA 2024 മെയ് 24, 25 തിയതികളിൽ സമൃദ്ധി ഭവൻ വെങ്ങോലയിൽ വെച്ച് എം.സി.വൈ.എം. സഭാതല അധ്യക്ഷൻ ശ്രീ. മോനു ജോസഫ് ഉദ്ഘാടനം ചെയ്യുകയും, എം.സി.വൈ.എം സംഘടനയും, ലക്ഷ്യവും, പ്രവർത്തങ്ങളെയും കുറിച്ചുള്ള സെക്ഷൻ ക്ലാസ്സ് നൽകുകയും ചെയ്തു. 'ESPERANZA' എന്ന വാക്കിന്റെ അർത്ഥം പ്രത്യാശ എന്നാണ്. സംഘടന പ്രവർത്തനം, രാഷ്ട്രീയം, ഇന്നത്തെ യൂത്ത്, ഐസ് ബ്രേക്കിങ് സെക്ഷൻ നൽകിയ കെ. സി. വൈ. എം മുൻ എക്സിക്യൂട്ടീവ് അംഗം ശ്രീ. ഷൈൻ ആന്റണിയെ നന്ദിയോടെ ഓർക്കുന്നു.

എം.സി.വൈ.എം. പിറവം വൈദീക ജില്ലാ പ്രസിഡന്റ് കുമാരി ട്രീസ മേരി കുര്യൻ, മുവാറ്റുപുഴ വൈദീക ജില്ല പ്രസിഡന്റ് ശ്രീ. കെവിൻ, ഫാ. റോബിൻ എന്നിവരുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മുവാറ്റുപുഴ വൈദീക ജില്ലാ സെക്രട്ടറി കുമാരി അന്ന റെജി സ്വാഗതാമാശംസിക്കുകയും മുവാറ്റുപുഴ വൈദീക ജില്ലാ ഡയറക്ടർ ഫാ. ആന്റണി വേങ്ങനിൽക്കുന്നത്തിൽ ആമുഖപ്രഭാഷണം നടത്തുകയും ചെയ്തു. ആതിഥേയത്വം വഹിച്ച സമൃദ്ധി ഭവൻ ഡയറക്ടർ ഫാ. റോബിൻ, മുവാറ്റുപുഴ മേഖല വികാരി ഫാ. ഡോ. വർഗീസ് മഠത്തിക്കുന്നത്ത് എന്നിവർ ആശംസകൾ അറിയിച്ചു സംസാരിച്ചു.

Open Your Opinion (OYO) സെക്ഷനിൽ മോഡറേറ്റർസ് ആയി ശ്രീ എബി പോൾ (എം.സി.വൈ.എം 2-ാം മുവാറ്റുപുഴ ഭദ്രാസന

പ്രസിഡന്റ്, കുന്നുക്കുരുടി യൂണിറ്റ്), രൂപത പ്രതിനിധി ശ്രീ ബിനോ. പി. ബാബു (എം.സി.വൈ.എം. ഭദ്രാസന ആനിമേറ്റർ, ആലുവ യൂണിറ്റ്), അനു റെജി പഞ്ഞിക്കാട്ടിൽ (കെ.സി.വൈ.എം മുൻ എക്സിക്യൂട്ടീവ്, ആലുവ യൂണിറ്റ്), ബിജോ പി. ബാബു (കെ.സി.വൈ.എം.മുൻ പ്രസിഡന്റ് ആലുവ Unit) യുവജനങ്ങൾക്കായി സെമിനാർ പഠനം നടത്തുകയും ആദരവ് നൽകുകയും ചെയ്തു.

പിറവം വൈദീക ജില്ലയിലെ 15 യൂണിറ്റുകളിൽ നിന്നായി 29 പേർ പങ്കെടുത്തു. ആകെ രണ്ട് വൈദീക ജില്ലകളിൽ നിന്നായി 60 പേർ പങ്കെടുത്തു.

## 'ഊർജ' 2024 ബാഡ്മിന്റൺ ടൂർണമെന്റ്

യുവജനങ്ങളുടെ കായികപരമായ കഴിവുകൾ പ്രദർശിപ്പിക്കുവാനായി എം.സി.വൈ.എം പിറവം വൈദീക ജില്ലാ സമിതിയുടെ ആഭിമുഖ്യത്തിൽ പിറവം യൂണിറ്റിന്റെ ആതിഥേയത്വത്തിൽ MSM ITI യിൽ വെച്ച് മെയ് 18-ന് വൈകിട്ട് ഊർജ 2024 ബാഡ്മിന്റൺ ടൂർണമെന്റ് നടത്തപ്പെട്ടു. രൂപതയുടെ മുൻ പ്രോക്യൂറേറ്റർ ബഹുമാനപ്പെട്ട മൈക്കിൾ വടക്കേവീട്ടിൽ അച്ചൻ ടൂർണമെന്റ് ഉദ്ഘാടനം ചെയ്തു. 6 യൂണിറ്റുകളിൽ നിന്നായി 15 യുവജനങ്ങൾ പങ്കെടുത്തു. മെൻസ് സിംഗിൾസ് മാത്രം പൂർണമായി നടത്തപ്പെട്ടു. മെൻസ് സിംഗിൾസിൽ പിറവം യൂണിറ്റ് അംഗം എൽദോസ് ഒന്നാം സ്ഥാനവും, മാമലശ്ശേരി യൂണിറ്റ് അംഗം ജോയൽ രണ്ടാം സ്ഥാനവും കരസ്തമാക്കി, മഴയെതുടർന്നു മറ്റ് ഫൈനൽസ് മാറ്റി വെച്ചു.

# വിൻസെന്റ് ഡി പോൾ

## പുതിയ കോൺഫറൻസുകളുടെ രൂപീകരണം

21-04-2024 കുന്നംകുളം എ.സി. ചേലക്കര സെന്റ് മേരീസ് കോൺഫറൻസിൽ സ്ത്രീകൾക്ക് മാത്രമായി ഒരു ലേഡീസ് കോൺഫറൻസ് രൂപീകരിച്ചു. സ്ത്രീകൾക്ക് കൂടുതൽ പങ്കാളിത്തം ലഭിക്കാനും അവരെ ഉപവി പ്രവത്തികളിൽ കൂടുതൽ കർമ്മനിരതരാക്കാനും ലക്ഷ്യം വച്ച് ആരംഭിച്ച കോൺഫർൻസിന്റെ ആദ്യ പ്രസിഡന്റ് സി. ലിസി ജോർജ്, സെക്രട്ടറി ജെസി ജോസ്, ട്രഷറർ ബിന്ദു റോയി പാടിക്കൻ എന്നിവരേ യഥാക്രമം തിരഞ്ഞെടുത്ത് എ.സി. പ്രസിഡന്റ് ബ്രദർ സെബാസ്റ്റ്യൻ കോച്ചേരി സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ബഹു. ജോസഫ് പന്നിവിഴ അച്ചൻ പുതിയ

അംഗങ്ങളുടെ ഉത്തരവാദിത്വത്തെക്കുറിച്ച് ഓർമ്മപ്പെടുത്തുകയും, സംഘടനയുടെ പ്രാധാന്യത്തെക്കുറിച്ച് സന്ദേശം നൽകുകയും ചെയ്തു.

## ആടു വിതരണം

ആലുവ സെന്റ് തോമസ് കോൺഫറൻസ് അംഗങ്ങൾ സ്വന്തമായി ശേഖരിച്ച ഫണ്ട് ഉപയോഗിച്ചു ഒരു ആടിനെ വാങ്ങി ഇടവകയിലെ നിർദനയായ കുടുംബത്തിന് നൽകി. കോൺഫറൻസ് അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ പ്രസിഡൻറ് ബ്രദർ ഫിലിപ്പ് വിതരണം നിർവഹിച്ചു. കുന്നംകുളം എ.സി. വട്ടായി സെന്റ് പീറ്റർ ആന്റ് സെന്റ് പോൾ കോൺഫറൻസിൻ ഏപ്രിൽ മെയ് മാസങ്ങളിൽ വിവിധ കുടുംബങ്ങൾക്കായി ആടുകളെ നൽകി. ആയതിന്റെ വിതരണം കോൺഫറൻസ് ഭാരവാഹികൾ നിർവഹിച്ചു. മെയ് 16 നു കച്ചിത്തോട് സെന്റ് മൈക്കിൾസ് കോൺഫറൻസ് പ്രസിഡന്റ് ജോബി കടുംങ്കീരിയിൽ വിൻസെന്റ് ഡി പോൾ സൊസൈറ്റിയിലേക്ക് സംഭാവനയായി തന്ന ആട്ടിൻ കുട്ടിയെ ഇടവകാംഗമായ നിഷ സിബി പുൽപാറയിൽ കുടുംബത്തിന് ആത്മീക ഉപദേഷ്ടാവ് റവ. ഫാ. ബാബു മണ്ടുംപാൽ അച്ചൻ കൈമാറി. വിവിധ കോൺഫറൻസുകളിൽ നിന്ന് സംഭാവനയായി ആടുകളെ തന്നവർക്കും സംഘടനയുടെ ഈ സംരംഭത്തെ സഹായിച്ചവർക്കും നന്ദി പറയുന്നു.

## സി.സി. പ്രസിഡന്റിന്റെ കോൺഫറൻസ് സന്ദർശനം

2024 ഏപ്രിൽ 14–ന് രാവിലെ വെട്ടിക്കൽ എ.സി. യിലെ വെട്ടിക്കൽ സെന്റ് മേരീസ് കോൺഫറൻസിൽ സന്ദർശിച്ച് വിശുദ്ധ കുർബാനക്കു ശേഷം യോഗം കൂടി. സി.സി. എക്സീക്യൂട്ടീവ് അംഗങ്ങൾ ബ്രദർ ഫിലിപ്പ് ഇരട്ടയാനിക്കൽ, ബ്രദർ ജെയ്മോൻ യോഹന്നാൻ, എ.സി. പ്രസിഡന്റ് ബ്രദർ ഷാജി ഞാറക്കാട്ട് എന്നിവർ യോഗത്തിൽ സംബന്ധിച്ച് അംഗങ്ങളുമായി ആശയ വിനിമയം നടത്തി. യോഗത്തിൽ ഇടവക ആത്മീയ ഉപദേഷ്ടാവ് ബഹു. സാബു മുളകുകൊടിയിൽ അച്ചൻ സന്ദേശം നൽകി. ഇന്നിന്റെ കാലഘട്ടത്തിൽ ഉപവി പ്രവർത്തനങ്ങളുടെ പ്രസക്തിയെക്കുറിച്ച് സി.സി. പ്രസിഡന്റ് അംഗങ്ങളെ ഓർമ്മപ്പെടുത്തി.

2024 മെയ് 12–ന് വെട്ടിക്കൽ എ.സി. നീറാമുകൾ സെന്റ് പീറ്റർ കോൺഫറൻസിൽ സന്ദർശനം നടത്തി അംഗങ്ങളുമായി കൂടികാഴ്ച നടത്തി. യോഗത്തിൽ എ.സി. പ്രസിഡന്റ് ബ്രദർ ഷാജി ഞാറക്കാട്ട് അദധ്യക്ഷനായിരുന്നു. മീറ്റിംഗിൽ ഇടവക ആത്മീയ ഉപദേഷ്ടാവ്

ബഹു. മാത്യു കളരിക്കാലായിൽ അച്ചൻ വിൻസെൻഷ്യൻ സന്ദേശങ്ങൾ നൽകി. സൊസൈറ്റിയുടെ ലക്ഷ്യങ്ങളെയും, ഉത്തരവാദിത്വത്തെയും കുറിച്ച് ഓർമ്മപ്പെടുത്തൽ നടത്തി. സി.സി. പ്രസിഡന്റ് കോൺഫറൻസിന്റെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തി.

12-05-2024 വെട്ടിക്കൽ എ.സി. യിലെ എഴക്കർനാട് സെന്റ് തോമസ് കോൺഫറൻസിൽ രാവിലെ 11.30-ന് സന്ദർശിച്ച് അംഗങ്ങളുമായി കോൺഫറൻസിന്റെ പ്രവർത്തന പുരോഗതി ചർച്ച ചെയ്തു. എ.സി. പ്രസിഡന്റ് ബ്രദർ ഷാജി ഞാറക്കാട്ട്, സി.സി. എക്സിക്യൂട്ടീവ് അംഗമായ ബ്രദർ ജെയ്മോൻ യോഹന്നാൻ അംഗങ്ങളെ അഭിസംബോധന ചെയ്തു. കാരുണ്യത്തിന്റെ കർത്താവിന്റെ മുഖം സഹോദരനിൽ കാണണം എന്ന് അംഗങ്ങളെ ഓർമ്മപ്പെടുത്തി. ഇടവക ആത്മീയ ഉപദേഷ്ടാവ് ബഹു. മാത്യു കളരിക്കാല സമൂഹത്തിൽ ദാരിദ്ര്യം അനുഭവിക്കുന്നവരോട് കരുണ കാണിക്കുകയും തങ്ങളാൽ കഴിയുന്ന സഹായങ്ങൾ അപരനു ചെയ്തു കൊടുക്കാനും മറക്കരുത് എന്ന് അഭിപ്രായപ്പെട്ടു.

26-05-2024 പീച്ചി എ.സിയിലെ കൊമ്പഴ സെന്റ് മേരീസ് കോൺഫെറൻസിൽ വി. കുർബാനയിൽ പങ്കെടുത്ത് കോൺഫറൻസ് മീറ്റിംങ് നടത്തുകയും ചെയ്തു. എ.സി. പ്രസിഡന്റ് ബ്രദർ ബെന്നി, എ.സി. ട്രഷറർ ബ്രദർ പ്രകാശ് എന്നിവർ പങ്കെടുത്ത യോഗത്തിൽ ബഹു. ജോണി ചെരിക്കായത്ത് അച്ചൻ ആദ്യാവസാനം മീറ്റിങ്ങി പങ്കെടുക്കുകയും വിൻസെൻഷ്യൻ സന്ദേശം നൽകുകയും ചെയ്തു. ദീർഘകാലം കോൺഫെറൻസിനെ നയിച്ച ബ്രദർ രാജുവിനെ അഭിനനന്ദിച്ചു പറയുകയും, അദ്ദേഹത്തിന്റെ നല്ല മാതൃകയെ സി.സി. പ്രസിഡന്റ് പ്രശംസിക്കുകയും ചെയ്തു സംസാരിച്ചു. തുടർന്ന് കോൺഫെറൻസിന് പുതിയ പ്രസിഡന്റിനെയും, ഭാരവാഹികളെയും തിരഞ്ഞെടുത്തു. സി. മേരി തോപ്പിലിനെയും മറ്റു ഭാരവാഹികളുടേയും സത്യപ്രതിജ്ഞ നടന്നു ബ്രദർ ബെന്നി (എ.സി. പ്രസിഡന്റ്) ബ്രദർ പ്രകാശ് (എ.സി. സെക്രട്ടറി) എന്നിവർ പുതിയ അംഗങ്ങൾക്കും, ഭാരവാഹികൾക്കും ആശംസകൾ നേർന്നു സംസാരിച്ചു.

26-05-2024 മൂവാറ്റുപ്പുഴ എ.സി. വാളകം സെന്റ് തോമസ് കോസഫറൻസിൽ രാവിലെ 10 മണിക് വി. കുർബാനയ്ക്ക് ശേഷം എ.സി. പ്രസിഡന്റ് സി. അൽഫോൻസായുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് കോൺഫറൻസിനു പുതിയ പ്രസിഡന്റിനെയും ഭാരവാഹികളെയും തിരഞ്ഞെടുത്തു. പുതിയ പ്രസിഡന്റ് സി.

ഷിജിയും, ഭാരവാഹികളും സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ഇടവക വികാരി ബഹു. ജോസഫ് പന്നിവിഴ അച്ചൻ ഇടവകയിൽ സംഘടനയുടെ ആവശ്യകതെയും, ലക്ഷ്യങ്ങളെയും, രൂപതയിൽ സംഘട നൽകി വരുന്ന കാരുണ്യ പ്രവർത്തികളെയും കുറിച്ച് പ്രതിപാതിക്കുകയും ചെയ്തു ആത്മീയ സന്ദേശം നൽകി. പുതിയ ഭാരവാഹി കൾക്ക് എല്ലാ വിജയ ആശംസകളും അർപ്പിച്ചുകൊണ്ട് സി.സി. ട്രഷറർ ബ്രദർ സണ്ണിയും, സി.സി. പ്രസിഡന്റ് ബ്രദർ വർഗ്ഗീസ് കുരുവിളയും സംസാരിച്ചു.

16-06-2024 വേങ്ങോല സെന്റ് തോമസ് കോൺഫറൻസിൽ രാവിലെ 7 മണിക്ക് വി. കുർബാനയ്ക്ക് ശേഷം കോൺഫറൻസ് അംഗങ്ങളോടൊപ്പം യോഗം കൂടി. വി. കുർബാന മധ്യേ ഇടവക ആത്മീയ ഉപദേഷ്ടാവ് ബഹു. റോബിൻ പുത്തൻപുരയിൽ അച്ചൻ സംഘടയുടെ ഉത്തരവാദിത്വങ്ങളെ കുറിച്ച് ഓർമ്മപ്പെടുത്തൽ നടത്തുകയും സംഘടനയുടെ പ്രവർത്തനങ്ങളിൽ അഭിനന്ദനം അറിയിക്കുകയും സി.സി പ്രസിഡന്റിന് കുട്ടായ്മയിലേക്ക് സ്വാഗതം അരുളുകയും ചെയ്തു. സി.സി. പ്രസിഡന്റ് ബ്രദർ വർഗ്ഗീസ് ബ്രദർ സണ്ണി എന്നിവർ അംഗങ്ങളുമായി കോൺഫറൻസിന്റെ പ്രവർത്തനങ്ങളുടെ പുരോഗതികളെക്കുറിച്ച് ആശയ വിനിമയം നടത്തി.

## സി.സി. എക്സിക്യൂട്ടീവ് മീറ്റിംഗ്

05-05-2024 വൈകിട്ട് 8 മണിക്ക് ഗൂഗിൾ മീറ്റിംഗ് നടത്തി. സംഘടനയിലെ പ്രധാനപ്പെട്ട വിഷയങ്ങൾ അറിയിക്കാൻ കൂടിയ മീറ്റിംഗ് ഏതാനും പേർ മാത്രമേ പങ്കെടുത്തുള്ളൂ. സി.സി. അംഗങ്ങളെ കൂടാതെ ഏതാനും എ.സി. പ്രസിഡന്റുമാർ പങ്കെടുത്തു.

02-06-2024ന് സി.സി.യുടെ ഒരു വിശേഷാൽ യോഗം പെരുംമ്പാവൂർ സെന്റ് തോമസ് കോൺഫറൻസിൽ ഉച്ചയ്ക്ക് 2.30 കൂടി. യോഗത്തിൽ സി.സി. പ്രസിഡന്റ് ബ്രദർ വർഗ്ഗീസ് കുരുവിള അദ്ധ്യക്ഷൻ ആയിരുന്നു അഞ്ചൽപ്പെട്ടി, മൂവാറ്റുപുഴ, എന്നീ എ.സികളുടെ പ്രസിഡന്റുമാരും, സി.സി. എക്സിക്യൂട്ടീവ് അംഗങ്ങളും യോഗത്തിൽ പങ്കെടുത്തു. ഒഴിവു വന്ന രൂപത വൈസ് പ്രസിഡന്റിനു പകരക്കാരനെ തിരഞ്ഞെടുക്കുവാനും സംഘടനയുടെ പ്രത്യേക വിഷയങ്ങൾ ചർച്ച ചെയ്യാനും വേണ്ടി കൂടിയ യോഗത്തിൽ വച്ച് സി.സി.യുടെ വൈസ് പ്രസിഡന്റ് ആയി ബ്രദർ സുബാഷ് മാത്യുനെയും, ഒഴിവു വന്ന സി.സി. ജോയിന്റ് സെക്രട്ടറിയായി

(കാഞ്ഞിക്കുളം ഹോളി ഫാമിലി കോൺഫറൻസ് ) ബിനോയി വഴുതന കുന്നിൽ എന്നിവരെയും ഐക്യകണ്ഠേന തിരഞ്ഞെടുത്തു. യോഗത്തിൽ പങ്കെടുത്തവർ പുതിയ ഭാരവാഹികൾക്ക് ആശംസകൾ നേർന്നു സംസാരിച്ചു.

## പാഠപുസ്തക വിതരണം

09-06-2024 പീച്ചി എ.സിയിലെ അടിപ്പരണ്ട സെന്റ് മേരീസ് കോൺഫറൻസിൽ പ്രസിഡന്റ് മുൻകൈ എടുത്ത് സംഘടിപ്പിച്ച ഫണ്ട് ഉപയോഗിച്ച് ഇടവകയിലെയും, സമീപ വാസികളായ ഏതാനും കുട്ടികൾക്കും പഠന സാമഗ്രികളുടെ വിതരണം നടത്തി. ഇതിനു മുൻകൈ എടുത്ത് പ്രവർത്തിച്ച കോൺഫറൻസ് പ്രസിഡന്റ് ബ്രദർ യേശപ്പനെ ഇടവക വികാരി ബഹു. ജോർജ് കയ്യാനിക്കൽ അച്ചൻ അഭിനന്ദിക്കുകയും, ഇത്തരം പ്രവർത്തനങ്ങൾ മറ്റുള്ളവർ മാതൃകയാക്കണം എന്ന് ഓർമ്മിപ്പിച്ചു കൊണ്ടു പഠനോപകരണങ്ങളുടെ വിതരണം നടത്തുകയും ചെയ്തു.

മൂവാറ്റുപുഴ എ.സി. പോത്താനിക്കാട് ദേവമാതാ കോൺഫറൻസിൽ പ്രസിഡന്റ് സി. റീജയുടെ നേതൃത്ത്വത്തിൽ ഇടവകയിലെ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. ബഹു. ജോസ് കുറ്റിക്കേരിൽ അച്ചൻ വിതരണം നിർവഹിച്ചു കൊണ്ട് അംഗങ്ങളെ അഭിനന്ദിച്ചു സംസാരിച്ചു.

## ദൈവ സന്നിധിയിൽ കടന്നുപോയ പ്രിയപ്പെട്ടവർ

24-04-2024 സിസി യുടെ ആദ്യ പ്രസിഡന്റ് ആയിരുന്ന ബ്രദർ എ.കെ. പൗലോസ്(89) തന്റെ നിത്യ സമ്മാനത്തിന് ആയി ദൈവസന്നിധിയിലേക്ക് കടന്നുപോയി. ആദ്യകാലങ്ങളിൽ രൂപതയിൽ വിവിധ ഇടവകകളിൽ കോൺഫറൻസ് തുടങ്ങാൻ വളരെ പ്രയ്ഞിച്ച പ്രിയപ്പെട്ട സഹോദരന്റെ വേർപാട് സംഘടനയെ സംബന്ധിച്ച് തീരാ നഷ്ടം ആണ്. ബ്രദർ പൗലോസിന്റെ മരണത്തിൽ രൂപതയിലെ മുഴുവൻ വിൻസെൻഷ്യൻ പ്രവർത്തകരും ദുഃഖം രേഖപ്പെടുത്തി അനുശോചനം അറിയിക്കുകയും ചെയ്തു. സി.സി. ക്കു വേണ്ടിയും, എ.സി. യ്ക്കു വേണ്ടിയും റീത്ത് സമർപ്പിച്ചു, സി.സി. ഭാരവാഹികളും എ.സി. ഭാരവാഹികളും, കഴിയുന്നത്ര വിൻസെൻഷ്യൻ പ്രവർത്തകരും ഭവനത്തിലും പള്ളിയിലും ഉള്ള ശിശ്രൂഷകളിൽ പങ്കെടുത്ത് ആദരം അറിയിച്ചു.

03-04-2024 മൂവാറ്റുപ്പുഴ സി. സിയിലെ കുന്നംകുളം എ.സി.

കല്ലുംപുറം കോൺഫറൻസ് മുൻ പ്രസിഡന്റ് സി. ജെസി ബാബു (52) ദൈവത്തിന്റ നിത്യ സമ്മാനത്തിനായി കടന്നുപോയി. പരേതയോടുള്ള ആദര സൂചകമായി സി. സി. യിലെ മുഴുവൻ കുടുംബ അംഗങ്ങളും അനുശോചനം രേഖപ്പെടുത്തി. സി.സി.ക്കു വേണ്ടി സി.സി. പ്രസിഡന്റു വീട്ടിൽ പോയി റീത്ത് സമർപ്പിച്ചു. എ.സി. യുടെ ആദരവായി എ.സി ട്രഷറർ ബ്രദർ തോമസ് മീമാനമറ്റത്തിൽ റീത്ത് വച്ചു.

18-05-2024 കുന്നംകുളം എ.സി. യിലെ കട്ടിലപൂവം ലേഡീസ് കോൺഫറൻസ് പ്രസിഡന്റും കോൺഫിൻസിന്റെ എല്ലാം ആയ സി. റോസമ്മ വർഗ്ഗീസ്(68) കതൃസന്നിധിലേക്ക് കടന്നുപോയി. പരേത വിൻസെന്റ് ഡി പോൾ സംഘടനയിലും, ഇടവകയിലെ ഇതര സംഘടനകളിലും നിറസാന്നിധ്യം ആയിരുന്നു. കുന്നംകുളം എ.സി സംബന്ധിച്ച് തിരാ നഷ്ടം ആണ് ഈ പ്രിയ സഹോദരിയുടെ വേർപാട്. സി. റോസമ്മയോടുള്ള ആദരവ് ആറിയിക്കാനായി വിവിധ കോൺഫറൻസുകളിൽ നിന്നു അംഗങ്ങൾ ഭവനത്തിലും, സംസ്കാര ശിശ്രൂഷകളിലും പങ്കെടുത്തു .സി.സി.യ്ക്ക് വേണ്ടി പ്രസിഡന്റ് ബ്രദർ വർഗ്ഗീസ് കുരുവിള റീത്ത് സമർപ്പിച്ചു ആദരം അറിയിച്ചു.

02-06-2024 പെരുമ്പാവൂരിൽ വച്ച് കൂടിയ എക്സിക്യൂട്ടീവ് യോഗത്തിൽ പരേതരായ മൂന്നുപേരെയും ഓർക്കുകയും, അവർ വഴി സംഘടനയ്കു ലഭിച്ച സേവനങ്ങളെ അനുസ്മരിക്കുകയും അവർക്കായി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു.

# എം.സി.എ. വാർത്തകൾ

## അല്മായ ദിനാചരണം

എം.സി.എ മൂവാറ്റുപുഴ രൂപതയുടെ നേതൃത്വത്തിൽ 2024 മെയ് 19 ഞായറാഴ്ച്ച ഉച്ചയ്ക്ക് ശേഷം 2.30 മണിക്ക് മൂവാറ്റുപുഴ മേഖലയുടെ ആതിഥേയത്വത്തിൽ കോതമംഗലം വിമലഗിരി സെന്റ് മേരീസ് മലങ്കര കാത്തലിക് ദൈവാലയത്തിൽവെച്ച് രൂപതാതല അല്മായ ദിനാചരണം നടത്തി. മലങ്കര സുറിയാനി കത്തോലിക്ക സഭ മൂവാറ്റുപുഴ രൂപതാധ്യക്ഷൻ മോസ്റ്റ്. റവ. ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത അല്മായ സംഗമം ഉദ്ഘാടനം ചെയ്തു.

പുതിയ രൂപതാ വൈദികോപദേഷ്ടാവ് റവ. ഫാ. ജോർജ് മാങ്കുളത്തിന് മീറ്റിംഗിൽ സ്വീകരണം നൽകി. എം.സി.എ രൂപത പ്രസിഡണ്ട് അഡ്വ. എൽദോ പൂക്കുന്നേൽ അധ്യക്ഷനായിരുന്ന

ചടങ്ങിൽ രൂപതാ ജനറൽ സെക്രട്ടറി സജീവ് ജോർജ് സ്വാഗതം പറഞ്ഞു. റവ. ഫാ. വർഗ്ഗീസ് മഠത്തിക്കുന്നത്ത് മൂവാറ്റുപുഴ മേഖല MCA വൈദിക ഉപദേഷ്ടാവ്, മേരി കുര്യൻ (എംസിഎ സഭാതല വൈസ് പ്രസിഡണ്ട്), എൻ.ടി. ജേക്കബ് (KCF എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം), വി. സി. ജോർജുക്കുട്ടി (എം.സി.എ മുൻ സഭാതല സെക്രട്ടറി), കമാണ്ടർ തോമസ് കോശി എം.സി.എ രൂപത ട്രഷറർ, ഷിബു സിബി, K.D. അപ്പച്ചൻ, മേരി ടവേഴ്സ്, കുഞ്ഞുമോൻ സി വർഗ്ഗീസ് എന്നിവർ പ്രസംഗിച്ചു.

## പരിസ്ഥിതി ദിനാചരണം സംഘടിപ്പിച്ചു

എം.സി.എ. മൂവാറ്റുപുഴ രൂപത കമ്മിറ്റിയുടെ ആഹ്വാനപ്രകാരം കരിമ്പ, കുന്നംകുളം, പിറവം മേഖലകളുടെ നേതൃത്വത്തിൽ മേഖലാതല, യൂണിറ്റ് തല പരിസ്ഥിതി ദിനാചരണവും വൃക്ഷത്തൈ നടലും സംഘടിപ്പിച്ചു.

കരിമ്പ മേഖലയുടെ നേതൃത്വത്തിൽ നിർമ്മലഗിരി സെന്റ് മേരീസ് തീർത്ഥാടന ദൈവാലയത്തിൽവെച്ച് മേഖല വൈദികോപദേഷ്ടാവ് റവ. ഫാ. ചെറിയാൻ ചെന്നിക്കര വൃക്ഷ തൈ നട്ട് പരിസ്ഥിതി ദിനാചരണം ഉദ്ഘാടനം ചെയ്തു.

പാർലിക്കാട് പള്ളിയിൽ MCA കുന്ദംകുളം മേഖലയുടെ നേതൃത്വത്തിൽ പരിസ്ഥിതിദിനാഘോഷവും, മേഖല വികാരി ഫാ. തോമസ് വെട്ടിക്കാട്ടിലിന് സ്വീകരണവും, പൗരോഹിത്യ സിൽവർ ജൂബിലി ആഘോഷിക്കുന്ന റോയ് കാപ്പിൽ അച്ചനെ ആദരിക്കലും നടത്തി. 9/6/24 ഞായറാഴ്ച കട്ടിലപൂവ്വം ഇടവകയിൽ MCA യൂണിറ്റിന്റെ നേതൃത്വത്തിൽ വൃക്ഷ തൈ നട്ട് പരിസ്ഥിതിദിനാചരണം ആഘോഷിച്ചു.

പിറവം മേഖലയിൽ MCA നീറാമുകൾ യൂണിറ്റ്, പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി മാത്യു കളരിക്കാലായിൽ അച്ചനോടൊപ്പം വൃക്ഷത്തൈ നട്ടു. പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി MCA നീറാമുകൾ യൂണിറ്റ്, ഹരിത കർമ്മ സേനയിലെ അംഗങ്ങളായ വിജി ജോണിയെയും, റീജ ഷിനുവിനെയും ആദരിച്ചു. ങഇഅ പിറവം മേഖലയുടെ വൈദിക ഉപദേഷ്ടാവായി നിയമിതനായ മാത്യു കളരിക്കാലായിൽ അച്ചനെ നീറാമുകൾ MCA യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ അനുമോദിച്ചു. ക്യാൻസർ രോഗബാധിതയായ സിന്ധുവിന് ഓപ്പറേഷൻ ആവശ്യമായ ധനസഹായം MCA നീറമുകൾ

യൂണിറ്റ് നൽകി. 10,12 ക്ലാസുകളിൽ വിജയിച്ച വിദ്യാർത്ഥികളെ MCA നീറാമുകൾ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ആദരിച്ചു. MCA എറണാകുളം സെന്റ് തോമസ് മലങ്കര കത്തോലിക്കാ ദേവാലയം MCA യൂണിറ്റ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ലോക പരിസ്ഥിതി ദിനം സമുചിതമായി ആഘോഷിച്ചു. പരിസ്ഥിതി ദിനാചരണം വൃക്ഷത്തൈ നട്ടു കൊണ്ട് ഇടവക വികാരി ഫാ. ജോമോൻ കട്ടർമൂലയിൽ ഉദ്ഘാടനം ചെയ്തു. അതോടൊപ്പം പരിസ്ഥിതി ദിന സന്ദേശവും ബഹുമാനപ്പെട്ട വികാരിയച്ചൻ നൽകി. പരിസ്ഥിതി ദിനാഘോഷങ്ങൾക്ക് യൂണിറ്റ് MCA എക്സിക്യൂട്ടീവ് കമ്മിറ്റി നേതൃത്വം നൽകി. MCA കാക്കനാട് യൂണിറ്റിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന ചാരിറ്റിയുടെ ഭാഗമായി ഓട്ടിസം ഉള്ളതും കിഡ്നി ഫെയിലിയറും ആയ ഒരു കുട്ടിയുടെ ഒരു മാസത്തെ ഡയാലിസിസിന് വേണ്ട തുക സമാഹരിച്ച് നൽകി.

## അഭിനന്ദനങ്ങൾ

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ മൂവാറ്റുപുഴ രൂപതയെ പ്രതിനിധീകരിച്ച് സംസ്ഥാന വൈസ് പ്രസിഡനായി തിരഞ്ഞെടുക്കപ്പെട്ട എറണാകുളം സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്ക ഇടവകാംഗമായ കമാണ്ടർ തോമസ് കോശി സാറിന് അഭിനന്ദനങ്ങൾ.

# എം.സി.എം.എഫ്. വാർത്തകൾ

## 'ഉണർവ്' 2024

## വനിതാ ദിനാഘോഷവും കർമ്മപരിപാടി ഉദ്ഘാടനവും

MCMF മുവാറ്റുപുഴ ഭദ്രാസന സമിതിയുടെ ആഭിമുഖ്യത്തിൽ 2024 ഫെബ്രുവരി 24ന് ഉണർവ് '24 എന്ന പേരിൽ മദേർസ് ഫോറം സമ്മേളനം സങ്കടിപ്പിച്ചു. ശ്രീമതി എലിസബത്ത് രാജു നടത്തിയ ബൈബിൾ വായനയോടുകൂടി യോഗം ആരംഭിച്ചു. ഭദ്രാസന അസിസ്റ്റന്റ് ഡയറക്ടർ ജോബി കൂടിലിൽ അച്ചൻ ഏവർക്കും സ്വാഗതം ആശംസിച്ചു. സഭാതല MCMF ഡയറക്ടറും മുവാറ്റുപുഴ ഭദ്രാസന MCMF ഡയറക്ടറുമായ ബഹുമാനപ്പെട്ട മാത്യു അറയ്ക്കൽ അച്ചൻ ആമുഖ പ്രഭാഷണം നടത്തി. സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച മുവാറ്റുപുഴ MCMF പ്രസിഡന്റ് ശ്രീമതി അന്നമ്മ ടീച്ചർ 50

നോമ്പിനെ കുറിച്ചും 7 വ്യാകുലങ്ങളെ കുറിച്ചും ഉദ്ബോധിപ്പിച്ചു. ഒരു നല്ല ജീവിതപങ്കാളി എങ്ങനെയായിരിക്കണം എന്ന് ടീച്ചർ എല്ലാവരെയും ഓർമിപ്പിച്ചു. തുടർന്ന് ഭദ്രാസന അധ്യക്ഷൻ അഭി. യൂഹാനോൻ മാർ തെയൊഡോഷ്യസ്സ് തിരുമേനി ഭദ്രാസനതലത്തിൽ അന്താരാഷ്ട്ര വനിതാദിനവും, 2024-ലെ കർമ്മപരിപാടി ഉദ്ഘാടനവും നിർവഹിച്ചു. ഉദ്ഘാടന പ്രസംഗത്തിൽ അമ്മമാർ ഉണരേണ്ട സമയം അതിക്രമിച്ചു എന്ന് അഭിവന്ദ്യ പിതാവ് ഓർമിപ്പിച്ചു. അമ്മമാർ ഉറങ്ങിയാൽ വീട് ഉറങ്ങുമെന്നും കൃപ നിറഞ്ഞ കുടുംബങ്ങൾ സഭയിൽ ധാരാളം ഉണ്ടാകണമെന്നും സഭയെക്കുറിച്ച് അമ്മമാർ നന്നായി പഠിക്കണമെന്നും MCMF നിയമസംഹിത എല്ലാവരും നന്നായി വായിക്കണമെന്നും വന്ദ്യ പിതാവ് ഉദ്ബോധിപ്പിച്ചു. തുടർന്ന് വാർഷിക റിപ്പോർട്ട് സമിതി സെക്രട്ടറി ശ്രീമതി മേരി ടവേഴ്സ് വായിച്ചു. 'സഭയിൽ സ്ത്രീ ശാക്തീകരണത്തിന്റെ പ്രാധാന്യം' എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. റീത്താമ്മ K.V. വളരെ അർത്ഥവത്തായ ക്ലാസ്സ് നൽകി. ഭൂമിയുടെ വെളിച്ചമാണ് അമ്മയെന്നും ആ വെളിച്ചം പ്രകാശിക്കുവാൻ വിളക്കിൽ എപ്പോഴും എണ്ണ ഒഴിച്ചു കൊടുക്കണം എന്നും മൂല്യങ്ങൾ കൈവിടരുതെന്നും ഡോക്ടർ റീത്താമ്മ ഏവരെയും ഓർമ്മിപ്പിച്ചു. ചോദ്യോത്തര വേളയെ സമിതിയുടെ ആനിമേറ്റർ സിസ്റ്റർ ലിറ്റിൽ ഫ്ളവർ SIC നയിച്ചു. തുടർന്ന് മേഖലകളുടെ റിപ്പോർട്ട് അവതരിപ്പിച്ചു. പുതിയ മേഖല ഭാരവാഹികളെയും ഭദ്രാസന ഭാരവാഹികളെയും പരിചയപ്പെടുത്തി. ഭദ്രാസന സമിതിയുടെ ഒരു മീറ്റിംഗ് ബഹുമാനപ്പെട്ട മാത്യു അറക്കൽ അച്ചന്റെ നേതൃത്വത്തിൽ നടത്തി. സമ്മേളനത്തിൽ വിവിധ മേഖലകളിൽ നിന്നും ബഹുമാനപ്പെട്ട അച്ചന്മാർ പങ്കെടുത്തു. കുന്നംകുളം മേഖലയിൽ നിന്നും ബഹുമാനപ്പെട്ട കുര്യാക്കോസ് കറുത്തേടത്ത് അച്ചൻ, മൂവാറ്റുപുഴ മേഖലയിൽ നിന്നും ബഹുമാനപ്പെട്ട ബോസ് നെല്ലാട്ട് അച്ചൻ, പീച്ചി മേഖലയിൽ നിന്നും ബഹുമാനപ്പെട്ട ഗീവർഗീസ് മേലെപീടികയിൽ അച്ചൻ എന്നിവർ പങ്കെടുത്തു. ട്രഷറർ മേഴ്സി ടീച്ചർ ഏവർക്കും നന്ദി പറഞ്ഞു. ഉച്ചഭക്ഷണത്തോടുകൂടി മീറ്റിംഗ് പര്യവസാനിച്ചു.

## ദൈവവിളിക്കായുള്ള പ്രാർത്ഥനാമാസം

MCMF സഭാതല കർമ്മപരിപാടിയുടെ ഭാഗമായി ദൈവവിളിക്കായുള്ള പ്രാർത്ഥന മൂവാറ്റുപുഴ ഭദ്രാസനം പ്രത്യേകമായി ക്രമീകരിച്ചു നടത്തി. ഏപ്രിൽ 1 മുതൽ 30 വരെ ദിവസങ്ങളിൽ മൂവാറ്റുപുഴ ഭദ്രാസനത്തിലെ ഓരോ പള്ളികളിൽ നിന്നും ദൈവവിളി

ഉയർന്നു വരുവാൻ നിയോഗമായി മദേർസ് ഫോറം സമർപ്പിച്ചു പ്രാർത്ഥിച്ചു. ഒരു ദിവസം രണ്ടു പള്ളികളുടെ നിയോഗം വെച്ച് നൽകിയ ക്രമം അനുസരിച്ചു ഭദ്രാസനത്തിലെ എല്ലാ അമ്മമാരും എല്ലാ പള്ളികൾക്ക് വേണ്ടിയും ഒരു മാസം പ്രാർത്ഥിച്ചു. അതാത് പള്ളികളുടെ പേര് വരുന്ന ദിവസം MCMF യൂണിറ്റ് ഒന്നായി പള്ളിയിൽ കൂടി പ്രാർത്ഥിക്കുകയും ചെയ്തത് ഒരു പുതു അനുഭവം നൽകി. പ്രോത്സാഹനം നൽകിയ എല്ലാ വികാരി അച്ചന്മാർക്കും ആനിമേറ്റേഴ്സിനും നന്ദി.

## വെബിനാർ

MCMF ഭദ്രാസന വാർഷിക കർമപരിപാടിയുടെ ഭാഗമായുള്ള ഒരു ഓൺലൈൻ വെബിനാർ മെയ് മാസം 25–ാം തീയതി രാത്രി 8 മണിക്ക് ഗൂഗിൾ മീറ്റ് വഴി നടത്തി. മാലിന്യ നിർമാർജ്ജനവും പരിസ്ഥിതി സംരക്ഷണവും എന്ന വിഷയത്തിൽ ശ്രീ അപ്പച്ചൻ ഗ. ഉ ക്ലാസ്സിന് നേതൃത്വം നൽകി. കമ്പോസ്റ്റ് നിർമ്മാണവും പരിസ്ഥിതി ശുചിത്വവും പ്രമേയമായ വെബിനാറിൽ മുവാറ്റുപുഴ ഭദ്രാസനത്തിലെ 5 മേഖലയിൽ നിന്നും അമ്മമാർ പങ്കെടുക്കുകയും സംശയങ്ങൾ ദൂരീകരിക്കുകയും ചെയ്തു.

## മേഖലാ വിസിറ്റ് 2024

## കരിമ്പ മേഖല

മൂവാറ്റുപുഴ MCMF 2024 ലെ കർമ്മപരിപാടികളുടെ ഭാഗമായി ജൂൺ ഒന്നാം തീയതി കരിമ്പ മേഖല സന്ദർശിക്കുകയും അംഗങ്ങളോട് സംവദിക്കുകയും ചെയ്തു. മൂവാറ്റുപുഴ MCMF ഭദ്രാസന സമിതി പ്രസിഡന്റ് ശ്രീമതി അന്നമ്മ വർഗീസ്, ആനിമേറ്റർ സിസ്റ്റർ ലിറ്റിൽ ഫ്ളവർ SIC, സെക്രട്ടറി ശ്രീമതി മേരി ടവേഴ്സ്, ട്രഷറർ ശ്രീമതി മേഴ്സി ഈശ്വരൻകുടിയിൽ, ശ്രീമതി ബിൻസി ഷിന്റോ, ശ്രീമതി ലീല പോൾ എന്നിവർ 2024 ജൂൺ ഒന്നാം തീയതി കരിമ്പ മേഖല MCMF കുടുംബം സന്ദർശിക്കുകയും മേഖലയിലെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു. മേഖലയിലെ വിവിധ യൂണിറ്റുകളിൽ നിന്നും 35 അംഗങ്ങൾ പങ്കെടുത്ത ഒരു ക്ലാസ്സ് അന്നേദിവസം നടന്നു. കരിമ്പ ദേവാലയത്തിൽ 10.30–ന് പ്രാർത്ഥനയോടുകൂടി യോഗം ആരംഭിച്ചു. മേഖലാ പ്രസിഡണ്ട് ശ്രീമതി മഡോണ ഫിലിപ്പ് ഏവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് കരിമ്പ മേഖലയുടെ പ്രവർത്തന റിപ്പോർട്ട് സെക്രട്ടറി ശ്രീമതി ബിൻസി ഷിന്റോ അവതരിപ്പിച്ചു. മേഖല MCMF ഡയറക്ടർ ഐസക് കോച്ചേരി അച്ചൻ ആമുഖപ്രഭാഷണം

നടത്തി. ശ്രീമതി അന്നമ്മ വർഗീസ് അധ്യക്ഷ പ്രസംഗം നടത്തി. മുവാറ്റുപുഴ ഭദ്രാസന MCMF നടത്തുന്ന ഒരു വിവരശേഖരണത്തിനായി ആവശ്യമായ ഫോമുകൾ ഭദ്രാസന പ്രസിഡന്റ് മേഖലാ പ്രസിഡണ്ടിന് കൈമാറി. ശ്രീമതി ലിസി ജോൺ ഒരു ഗാനം ആലപിച്ചു. സമ്മേളനത്തെ സാന്നിധ്യം കൊണ്ട് അനുഗ്രഹീതമാക്കിയ ചെറിയാൻ ചെന്നിക്കര അച്ചൻ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. തുടർന്ന് യൂണിറ്റുകളിൽ നിന്നും റിപ്പോർട്ടുകൾ അവതരിപ്പിക്കുകയുണ്ടായി. എം സി എം എഫ് മേഖലാ ട്രഷറർ ശ്രീമതി ലളിത എല്ലാവർക്കും നന്ദി പറഞ്ഞു. ഭദ്രാസന സമിതിയുടെ ഈ ഉദ്യമം വിജയം ആക്കിയ കരിമ്പ മേഖല ഭാരവാഹികൾക്കും, അംഗങ്ങൾക്കും പ്രത്യേകം നന്ദി അർപ്പിക്കുന്നു.

# 'യുവകുടുംബങ്ങളുടെ പ്രേഷിത ശുശ്രൂഷ'

## 'ഇണയും തുണയും' (കുന്നംകുളം മേഖല)

കുന്നംകുളം മേഖല യുവകുടുംബങ്ങളുടെ സംഗമം 2024 മാർച്ച് 3, ഞായറാഴ്ച പാർളിക്കാട് ദൈവാലയത്തിൽ നടത്തപ്പെട്ടു. നാൽപ്പതോളം യുവദമ്പതികൾ പങ്കെടുത്ത സംഗമത്തിന്റെ ഉത്ഘാടനകർമ്മം ബഹു. മേഖല വൈദീകരും ഒപ്പം ഗ്രൂപ്പിലെ യുവദമ്പതികളായ അനൂപും സാന്ദ്രയും ചേർന്ന് നിർവഹിച്ചു. മനോഹരമായ ഷെയറിങ് സെഷനും ക്ലാസും നയിച്ചത് തൃശൂർ അതിരൂപതാംഗവും കുടുംബപ്രേഷിത മേഖലയിൽ നിപുണനുമായ രാജു അക്കര അച്ചനായിരുന്നു. ഒരു നവീന അനുഭവമായിരുന്ന പ്രസ്തുത സംഗമം ഈ പ്രേഷിത മേഖലയിലേക്ക് യുവദമ്പതികളെ കൂടുതൽ ആകർഷിക്കുന്നതായിരുന്നു. കുടുംബങ്ങളിലെ പരസ്പര സഹകരണവും ഐക്യവും ഊട്ടി ഉറപ്പിക്കുന്ന ക്ലാസുകളും യുവകുടുംബങ്ങളിലെ പൊതുപ്രശ്നങ്ങൾക്കുള്ള പരിഹാര മാർഗങ്ങളും വിശ്വാസജീവിതത്തോട് ചേർത്ത് വെച്ച് അച്ചൻ പങ്ക് വെച്ചത് നന്നായിരുന്നു എന്ന് പങ്കെടുത്ത യുവദമ്പതികൾ അഭിപ്രായപെട്ടു. മേഖല തിരിച്ച് യുവദമ്പതികൾക്ക് ആത്മീയമായ തുടർസഹായങ്ങൾ നൽകാൻ 3 പേരെ ലീഡേഴ്സ് ആയി തിരഞ്ഞെടുത്ത് മീറ്റിംഗ് അവസാനിച്ചു. മേഖല കുടുംബ പ്രേഷിത പ്രവർത്തനങ്ങളുടെ ഡയറക്ടർ ഫാ. സജി അറയ്ക്കൽ, പാർളിക്കാട് ഇടവക വികാരി ബഹു. ജോബ് കുഴുപ്പിള്ളി അച്ചൻ മറ്റ് മേഖലയിലെ

വൈദീകർ എന്നിവർ സന്നിഹിതരായിരുന്നു.

## മുവാറ്റുപുഴ മേഖല

മുവാറ്റുപുഴ മേഖല യുവകുടുംബങ്ങൾക്കായുള്ള സംഗമം മാർച്ച് മാസം 10 -ന് കീഴില്ലം സെന്റ് തോമസ് മലങ്കര കാത്തോലിക്കാ പള്ളിയിൽ വെച്ച് നടത്തി. വിവിധ പള്ളികളിൽ നിന്നും വന്ന യുവകുടുംബങ്ങൾക്ക് അഡ്വ. എൽദോ പൂക്കുന്നേൽ ക്ലാസ് നൽകി. മേഖല കുടുംബ പ്രേഷിത ശുശ്രൂഷയുടെ ഡയറക്ടർ ജോസ് കുറ്റിക്കേരി അച്ചൻ സംസാരിച്ചു. മുവാറ്റുപുഴ മേഖല വൈദീകരും മുവാറ്റുപുഴ ഭദ്രാസന കുടുംബപ്രേഷിത ശുശ്രൂഷയുടെ ആനിമേറ്റർ സി. ഷേബ SIC യും സന്നിഹിതരായിരുന്നു.

# സമൃദ്ധി വാർത്തകൾ

## മാർ തെയഡോഷ്യസ് ഭവന നിർമ്മാണ പദ്ധതി

മാർ തെയഡോഷ്യസ് ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി 12 വീടുകൾ നിർമ്മിച്ചു നൽകി. പോത്താനിക്കാട്, കുന്നംകുളം, ചാലിശ്ശേരി എന്നീ സ്ഥലങ്ങളിലാണ് വീടുകൾ നിർമ്മിച്ചു കൊടുത്തത്. 2030 - ഓടെ രൂപതയിലെ ഭവനം ഇല്ലാത്ത ആളുകൾക്ക് താമസ യോഗ്യമായ ഭവനം നിർമ്മാണ നിർമ്മിച്ചു നൽകാനാണ് പദ്ധതി ഇട്ടിരിക്കുന്നത്. ഇപ്പോൾ ചുവന്നമണ്ണ്, വട്ടായി, എളനാട്, പിറവം എന്നിവിടങ്ങളിൽ ഭവന നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു.

## കരിമ്പ മേഖല സമൃദ്ധി അയൽക്കൂട്ട വാർഷികം

കരിമ്പ മേഖല സമൃദ്ധി അയൽക്കൂട്ടം വാർഷിക ചടങ്ങിന്റെ ഉദ്ഘാടനത്തിന് കരിമ്പ് പഞ്ചായത്ത് പ്രസിഡന്റ്, കരിമ്പ് ഇടവക വികാരി, സമൃദ്ധി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ഡയറക്ടർ, സജീവം ആന്റി ഡ്രഗ് ക്യാമ്പയിൻ കാരിത്താസിന്റെ കോഡിനേറ്റർ, കരിമ്പാ മേഖലാ സമിതി കോഡിനേറ്റേഴ്സ് എന്നിവർ സന്നിഹിതരായിരുന്നു. ഏകദേശം 250 അംഗങ്ങൾ പങ്കെടുത്തു.

## വിദ്യാഭ്യാസ സഹായം

ഈ വർഷത്തെ സമൃദ്ധിയിലെ എഡ്യുക്കേഷൻ എയിഡിന്റെ ഭാഗമായി 150-ഓളം കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസ സഹായം നൽകുവാൻ സാധിച്ചു. പതിമൂന്നര ലക്ഷം രൂപ അതിനായി സമാഹരിച്ചു. കാക്കനാട് ഇടവകയിലെ ബഹുമാനപ്പെട്ട ചാക്കോയുടെ സഹായത്തോടെയാണ് ഈ തുക നൽകാൻ സാധിച്ചത്.

## സമൃദ്ധി സുരക്ഷാ ടി.ജി. പ്രൊജക്റ്റ്

സമൃദ്ധിയുടെ ഭാഗമായ സമൃദ്ധി സുരക്ഷാ ടി. ജി പ്രൊജക്റ്റ് സജീവമായി നടക്കുന്നു. കോട്ടയം പ്രദേശത്തെ എച്ച്.ഐ.വി ബാധിതരെ കണ്ടെത്തി കൗൺസിലിങ്ങും ട്രീറ്റ്മെന്റും നടത്തിവരുന്നു. എയ്ഡ്സ് ഡേയുടെ ഭാഗമായി കോട്ടയം ടൗണിൽ ബോധവത്കരണ പരിപാടികൾ നടന്നു.

## സജീവം ആന്റി ഡ്രഗ് ക്യാമ്പയിൻ

സജീവം ആന്റി ഡ്രഗ് ക്യാമ്പയിൻ യൂത്ത് ഡേയുടെ ഭാഗമായി വെങ്ങോലയിൽവെച്ച് നടത്തപ്പെട്ടു. ഇരുന്നൂറ്റമ്പതോളം യുവജനങ്ങൾ പങ്കെടുത്തു. ഈ പരിപാടിയിൽ യൂത്തിന്റെ ഡയറക്ടറും യുവജനങ്ങളുടെ സഭാതല പ്രസിഡണ്ടും സന്നിഹിതരായിരുന്നു.

## കമ്പ്യൂട്ടർ കോഴ്സ്

സമൃദ്ധിയുടെ സോഷ്യൽ വർക്കിന്റെ ഭാഗമായി കമ്പ്യൂട്ടർ കോഴ്സുകൾ പഠിപ്പിക്കുന്നുണ്ട്. അതിന്റെ ഭാഗമായി അടിപ്പരണ്ടയിൽ സമൃദ്ധിയുടെ ഓഫീസിൽ 12 കുട്ടികൾ പുതിയ കമ്പ്യൂട്ടർകോഴ്സുകൾ പഠിക്കുന്നു.

# ദിവ്യകാരുണ്യ വർഷ ലേഖനം

# ദിവ്യകാരുണ്യം: അനുസ്മരണവും ഓർമ്മപ്പെടുത്തലും

**Fr. MATHEW ARACKAL**

'എന്നാൽ, എന്നെ സ്നേഹിക്കുകയും, എന്റെ കൽപ്പനകൾ പാലിക്കുകയും ചെയ്യുന്നവരോട് ആയിരം തലമുറ വരെ ഞാൻ കാരുണ്യം കാണിക്കും.' (നിയമാവർത്തനം 5:10)

വാഗ്ദാനത്തോടു കൂടെയുള്ള ഈ വചനം തലമുറകളായി നമ്മോടൊത്ത് കുർബാനയായി വസിക്കുന്ന ദൈവസ്നേഹത്തിന്റെ ഓർമ്മപ്പെടുത്തലാണ്. ദൈവത്തോടുള്ള സ്നേഹത്തിൽ നിലനിൽക്കുമെങ്കിൽ നമുക്ക് ലഭിക്കുന്ന സമ്മാനമാണ് അവിടുത്തെ കരുണ. ദൈവകൽപ്പനകളിൽ നിന്ന് ഹൃദയം തിരിക്കാതെ, മുന്നേറുന്നവന് നൽകപ്പെടുന്ന സ്വർഗ്ഗീയനുഗ്രഹമാണ് ദൈവകരുണ. ആ ദൈവകരുണ തലമുറകളുടെ നിക്ഷേപമായി നമുക്ക് മുന്നിൽ

അപ്പത്തിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നു, നാം ദിനംപ്രതി അനുഭവിക്കുന്നു. എന്നാൽ, കുരിശിന്റെ മാറിൽ അവൻ കരുണയായി ഒഴുകിയിറങ്ങിയപ്പോൾ, സ്നേഹിതനെന്നോ, വിശ്വസ്തനെന്നോ, പാപമില്ലാത്തവനെന്നോ, നന്ദിയുള്ളവനെന്നോ, നോക്കാതെ പാപികൾക്കായി, ശത്രുക്കൾക്കായി, നന്ദി ഹീനർക്കായി ആത്മദാനം നൽകി; ഇന്ന് എല്ലാവർക്കുമായി മുറിച്ചു നൽകപ്പെടുന്നു. ആ അനന്തകാരുണ്യത്തെ സൂചിപ്പിക്കുന്നതിന് പരിശുദ്ധ കുർബാനയെ ദിവ്യകാരുണ്യമെന്ന് ലോകം വിളിച്ചു. തലമുറകളോളം വിട്ടുപിരിയാത്ത ദൈവത്തിന്റെ സ്നേഹ സാന്നിധ്യമാണ് ദിവ്യകാരുണ്യം. പഴയ നിയമത്തിൽ അത് കൽപ്പനകളിൽ അടിസ്ഥാനമാക്കിയിട്ടുള്ളതെങ്കിൽ പുതിയ നിയമത്തിൽ ക്രിസ്തുവിലുള്ള ജീവിതം വഴി നാം അർഹരായി തീരുന്നതാണ്. വിശുദ്ധ പൗലോസ് ശ്ലീഹ സഭകളെ ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നു: 'പാപം വഴി മരിച്ചവരായിരുന്നിട്ടും, കരുണ സമ്പന്നനായ ദൈവം നമ്മോട് കാണിച്ച മഹത്തായ സ്നേഹത്താൽ, ക്രിസ്തുവിനോട് കൂടെ നമ്മെ ജീവിപ്പിച്ചു, കൃപയാൽ നാം രക്ഷിക്കപ്പെട്ടു' (എഫേ. 2:45). ദൈവം നൽകുന്ന അനന്തകരുണയെ ഓർക്കുവാനും നന്ദി പറയുവാനും നമ്മുടെ കർത്താവ് സ്ഥാപിച്ചു നൽകിയ സ്വർഗീയ ഗോവണിയാണ് വിശുദ്ധ കുർബാനയെന്ന ദിവ്യകാരുണ്യം. 'യൂക്കരിസ്റ്റ്' എന്ന വാക്ക് സൂചിപ്പിക്കുന്നത് 'എവുക്കറെസ്തിയാ' അഥവാ നന്ദി പറയുക എന്നാണ്. ഡിഡാക്കെയിലാണ് ഈ സംജ്ഞ വിശുദ്ധ കുർബ്ബാനയെ സൂചിപ്പിക്കാൻ ഉപയോഗിചിട്ടുള്ളത്.

ദൈവ കരുണയ്ക്ക് നന്ദി പറഞ്ഞുകൊണ്ട് ദിവ്യ കാരുണ്യനാഥനെ ഹൃദയത്തിൽ ഉൾക്കൊള്ളുന്ന ഓരോ കുർബാന നാഴികയും, അതിനാൽ തന്നെ അമൂല്യമാണ്, വിശുദ്ധീകരിക്കുന്നതാണ്. 'ആരാധനക്രമത്തിൽ നിന്നും, അതിനാൽ വിശേഷ്യ വിശുദ്ധ കുർബാനയിൽ നിന്നും, ദൈവകൃപ ഒരു നീർച്ചാലിൽ നിന്നും, ഒഴുകിവരുംപോലെ പുറത്തുവരികയും, മനുഷ്യന്റെ വിശുദ്ധീകരണം സാധ്യമാക്കുകയും ചെയ്യുന്നു.' (SC No. 10, വത്തിക്കാൻ രണ്ടാം കൗൺസിൽ).

ദിവ്യകാരുണ്യത്തെപ്പറ്റി തന്റെ കൃതികളിൽ കൂടുതൽ പ്രതിപാദിച്ചിട്ടുള്ള ഒരു ദൈവശാസ്ത്രജ്ഞനായിരുന്നു യശശരീരനായ ബെനഡിക് പതിനാറാമൻ മാർപാപ്പ.

'സാക്രമെന്തും കാരിത്താത്തീസ്' എന്ന തന്റെ

പ്രബോധനത്തിലൂടെ ലോകമെങ്ങും തന്റെ ദിവ്യകാരുണ്യ ദർശനങ്ങൾ അദ്ദേഹം പങ്കുവെക്കുകയായിരുന്നു. വിശുദ്ധ കുർബാനയെ കുറിച്ചുള്ള പിതാവിന്റെ എഴുത്തുകൾ പ്രധാനമായി അദ്ദേഹത്തിന്റെ ആരാധനക്രമപരമായ ചിന്താധാരയിൽ നിന്നും ഉരുത്തിരിഞ്ഞവ ആയിരുന്നു. തനിമയാർന്ന ദൈവീക വെളിപാടിന്റെ പൂർത്തീകരണമായി മാർപാപ്പയുടെ ദർശനത്തിൽ ദിവ്യകാരുണ്യം അനുഭവിക്കാനാകും. ഈ ആശയത്തിൽ നിന്നുകൊണ്ട് അദ്ദേഹം മുന്നോട്ടുവെച്ച ദർശനം വളരെ ചിന്തോദ്ദീപകമാണ് ദിവ്യകാരുണ്യ സ്ഥാപനം അഥവാ വിശുദ്ധ കുർബാന സ്ഥാപനം അന്ത്യ അത്താഴം കൊണ്ട് മാത്രം വിശദീകരിക്കാൻ സാധിക്കില്ല. മറിച്ച്, സ്ഥാപന വാകൃങ്ങൾ ക്രിസ്തുവിന്റെ കുരിശിലെ മരണം, മരണത്തിന് കാരണമായ ക്രിസ്തു സ്നേഹം, ഇവയൊക്കെ പ്രധാന ഘടകങ്ങളാണെന്ന് മാർപാപ്പ വാദിക്കുന്നു. കുരിശിലെ ക്രിസ്തുവിന്റെ മരണം, സ്ഥാപന വാകൃങ്ങൾ, ഉത്ഥാനം ഇവ മൂന്നും ഒരുമിച്ചു നിൽക്കുന്ന പെസഹാ രഹസ്യങ്ങളാണ്. അവ മൂന്നും ഒരുമിച്ചു ദിവ്യകാരുണ്യം രൂപീകരിക്കുകയും ചെയ്യുന്നുവെന്ന് പിതാവ് ലോകത്തോട് പറയുകയാണ് തന്റെ പ്രബോധനത്തിലൂടെ. കാരണം, പെസഹാ രഹസ്യങ്ങളിൽ നിന്നുമാണ് ദിവ്യകാരുണ്യം ജന്മമെടുക്കുന്നത്. അത് വെറുമൊരു ഭക്ഷണമോ അത്താഴമോ അല്ല. അതുപോലെതന്നെ മാർപാപ്പയുടെ വാക്കുകളിൽ വിശുദ്ധ കുർബാനയിൽ ക്രിസ്തുവിന്റെ മരണം ഒരു വേർപാടിന്റെയോ നെടുവീർപ്പിന്റെയോ അവസരമല്ല. മറിച്ച്, മരണം എന്നത് കുർബാനയിൽ ഒരു ആഘോഷമാണ്. കാരണം, ഉത്ഥാനം മരണത്തെ മറികടന്നിരിക്കുന്നു. ഇതിനോട് ചേർന്ന് നിൽക്കുന്നതാണ് അന്ത്യോക്യൻ ആരാധനക്രമത്തിന്റെ ദൈവശാസ്ത്രം. അതായത് ദൈവാലയങ്ങളിൽ നിറഞ്ഞു നിൽക്കേണ്ടത് കുരിശിലെ മരണത്തിന്റെ മാറ്റൊലികളോ തകർന്ന ക്രിസ്തു ശരീരത്തിന്റെ ഓർമ്മപ്പെടുത്തലുകളോ അല്ല, മറിച്ച്, ഉത്ഥിതനായി വിജയിയായി നിൽക്കുന്ന ക്രിസ്തുവിന്റെ മഹത്വമാണ്. ദിവ്യകാരുണ്യത്തെ അനുതാപത്തോടെ സ്വീകരിക്കാൻ മരണം ആവശ്യമെങ്കിലും ദിവ്യകാരുണ്യത്തിന്റെ അന്തസത്ത ഉൾക്കൊള്ളുന്നത് മരണത്തെ മറികടന്ന ഉത്ഥാനം വഴിയാണ് എന്നുള്ള സത്യവും നാം ഉൾക്കൊള്ളണമെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു.

ഉത്ഥാനത്തിന് മുമ്പുള്ള മരണവും സ്ഥാപന വചനവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതായി ബനഡിക്ട് പതിനാറാമൻ

മാർപാപ്പ ചൂണ്ടിക്കാണിക്കുന്നുണ്ട്. പ്രശസ്ത ജർമ്മൻ ദൈവശാസ്ത്രജ്ഞനായ റുഡോൾഫ് ബുൾട്ട്മാൻ ഉയർത്തിയ പ്രസക്തമായ ചോദ്യം ക്രിസ്തു മരണത്തെ എങ്ങനെ അതിജീവിച്ചു വിജയിച്ചു എന്നുള്ളതായിരുന്നു. അതിനുള്ള ഉത്തരം മാർപാപ്പ നൽകുന്നത് സ്ഥാപന വചനം വഴിയാണ് ക്രിസ്തു മരണത്തെ അതിജീവിച്ചത് എന്ന് സമർത്ഥിച്ചുകൊണ്ടായിരുന്നു. സ്ഥാപന വാക്യങ്ങൾ അന്ത്യഅത്താഴ സമയത്ത് ഉച്ചരിക്കുന്നതിലൂടെ ക്രിസ്തു മാനസികമായി മരണം വരിച്ചു എന്ന് പിതാവ് അഭിപ്രായപ്പെടുന്നു. 'മരണം ഇല്ലാതെയുള്ള സ്ഥാപനവാക്യങ്ങൾ മൂല്യമില്ലാത്ത കറൻസി നോട്ട് പോലെയാണ്. സ്ഥാപന വാക്യങ്ങളില്ലാത്ത മരണം പ്രത്യക്ഷമായ ലക്ഷ്യമില്ലാത്ത വധശിക്ഷ മാത്രമാണ്.' എന്ന് അദ്ദേഹം പ്രബോധന രേഖയായി 'സാക്രമെന്തും കാരിത്താത്തീസ്' വഴി ഉദ്ബോധിപ്പിക്കുന്നു. ഈ മൂന്ന് പെസഹാ രഹസ്യങ്ങൾ, സ്ഥാപനവാക്യങ്ങൾ, മരണം, ഉത്ഥാനം; ചേർന്നാണ് ദിവ്യകാരുണ്യം ഉത്ഭവിക്കുന്നത്. അവയാണ് വിശുദ്ധ കുർബാനയിൽ നാം അനുസ്മരിക്കുന്നതും അനുഭവിക്കുന്നതും. ഇത് അനുസ്മരിക്കുമ്പോൾ, ക്രിസ്തു മനുഷ്യരായ നമ്മെ, ദിവ്യകാരുണ്യത്തിലൂടെ ദൈവവുമായി ഐക്യപ്പെടുത്തുന്നു. ഈ ദിവ്യകാരുണ്യ വർഷത്തിൽ ദിവ്യകാരുണ്യത്തിന്റെ അന്തസത്തയെ ഉൾക്കൊള്ളാൻ ബനഡിക്ട് മാർപാപ്പയുടെ ഈ ദർശനങ്ങൾ നമുക്ക് ഹൃദയത്തിൽ സൂക്ഷിക്കാം. ചുരുക്കത്തിൽ വിശുദ്ധ കുർബാന അതായത് ദിവ്യകാരുണ്യം ഒരു ഭക്ഷണമോ അത്താഴമോ മാത്രമല്ല, പിന്നെയോ പെസഹാ രഹസ്യങ്ങളുടെ അനുസ്മരണവും 'എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ' എന്ന സ്നേഹ കൽപ്പനയുടെ ഓർമ്മപ്പെടുത്തലുമാണ്.

❖ ❖ ❖

## BIRTHDAY GREETINGS

| | | | |
|---|---|---|---|
| 1. | Rt. Rev. Cor. Thomas Njarakkat | - | August 09 |
| 2. | V. Rev. Dr. Varghese Panthirayithadathil | - | August 18 |
| 3. | Fr. Kuriakose Andikulathil | - | August 23 |
| 4. | V. Rev. Fr. Joachim Pandaramkudyil | - | August 26 |
| 5. | Fr. Jose Kuttikeril | - | September 16 |
| 6. | V. Rev. Fr. Varghese Kadamala | - | October 03 |
| 7. | Fr. Robin Puthenpurackal | - | October 11 |
| 8. | Fr. Paul Karamel Koickal | - | October 13 |
| 9. | Fr. Kuriakose Kudilil | - | October 21 |
| 10. | Fr. Michael Vadakkeveetil | - | November 02 |
| 11. | Fr. Fr. George Mankulam | - | November 08 |
| 12. | Fr. Issac Kochery | - | November 14 |
| 13. | V. Rev. Fr. Thomas Attumalil | - | November 25 |
| 14. | Fr. Thomas Pullukalayil | - | November 29 |

## FEASTAL GREETINGS

| | | | |
|---|---|---|---|
| 1. | V. Rev. Fr. Joachim Pandaramkudyil | - | September 09 |
| 2. | Fr. Mathew Kallarakalayl | - | September 21 |
| 3. | Fr. Mathew Kattarumoolayil | - | September 21 |
| 4. | Fr. Mathew Muttuthan | - | September 21 |
| 5. | Fr. Mathew Mandumpal | - | September 21 |
| 6. | Fr. Michael Vadakkeveetil | - | September 29 |
| 7. | Fr. Abraham Pulickal | - | October 09 |
| 8. | Fr. Cherian Chennikara | - | November 05 |
| 9. | Fr. Philip Erattamakkil | - | November 14 |

## ORDINATION DAY WISHES

| | | | |
|---|---|---|---|
| | Fr. Job Kuzhuppuly | - | August 31 |

# ഓർമ്മപെരുന്നാൾ



ആർച്ച്ബിഷപ്
ബെനഡിക്ട് മാർ
ഗ്രീഗോറിയേസ് തിരുമേനി
(ഒക്ടോബർ 10)



അഭി. സഖറിയാസ് മാർ
അത്തനാസിയോസ് തിരുമേനി
(സെപ്റ്റംബർ 28)

# അനുമോദനങ്ങൾ



**റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും കാനാൻ നിയമത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ റവ.ഡോ. വർഗീസ് പന്തീരായിത്തടത്തിലിന് മൂവാറ്റുപുഴ ഭദ്രാസന കുടുംബത്തിന്റെ അനുമോദനങ്ങൾ....**

# മാർ ഈവാനിയോസ് അനുസ്മരണം 2024



## പീച്ചി മേഖല



## മൂവാറ്റുപുഴ മേഖല



## കരിമ്പ മേഖല



## കുന്നംകുളം മേഖല



## പിറവം മേഖല